## ചട്ടം 58 പ്രകാരമുള്ള ചർച്ച

### സദാചാര പോലീസിന്റെ പേരിലുള്ള അതിക്രമങ്ങൾ

ശ്രീ. കോടിയേരി ബാലകൃഷ്ണനുവേണ്ടി (ശ്രീ. എ. കെ. ബാലൻ): സർ, സദാചാര പോലീസിന്റെ പേരിൽ സംസ്ഥാനത്തുണ്ടാകുന്ന അതിക്രമങ്ങൾ സംബന്ധിച്ച് നൽകിയ നോട്ടീസുമായി ബന്ധപ്പെട്ടു കൊണ്ടാണ് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. സദാ ചാര പോലീസ് എന്ന പേരിൽ ഞെട്ടിപ്പിക്കുന്ന സംഭവങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ അഴിഞ്ഞാടുന്നത്. സദാചാര പോലീസ് എന്നല്ല, സദാചാര ഗുണ്ടകളെന്നാണ് ഇവരെ പറയേണ്ടത്. ഇവർ മത-തീവ്രവാദി കളാണ്. ഇവിടെ സദാചാര പോലീസ് എന്ന പേരിൽ കേരളത്തിൽ നട ക്കുന്ന സംഭവങ്ങൾ നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. സദാചാര പോലീസ് എന്നല്ല, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സദാചാര ഗുണ്ടകളെ ന്നാണ് ഇവരെ പറയേണ്ടത്. മതതീവ്രവാദികളാണ് സദാചാര ഗുണ്ടക ളായി അഴിഞ്ഞാടുന്നത്. ഹിന്ദുത്വ തീവ്രവാദികളെന്നോ മുസ്ലീം തീവ്രവാ ദികളെന്നോ ഇതിന് വ്യത്യാസമില്ല. ആണും പെണ്ണും ഒന്നിച്ച് യാത്ര ചെയ്യ രുത്, ബൈക്കിൽ ഒന്നിച്ച് യാത്ര പോകരുത്, പൊതുസ്ഥലത്ത് വച്ച് സംസാരിക്കരുത്, പരസ്പരം ചിരിക്കരുത്, അന്യമതത്തിൽപ്പെട്ട പെൺകു ട്ടികളുമായോ തിരിച്ചോ സംസാരിക്കുകയോ ഒന്നിച്ച് യാത്ര ചെയ്യുകയോ പാടില്ല, പ്രേമലേഖനം എഴുതാനോ കൊടുക്കാനോ പാടില്ല, ആൺകുട്ടി കളും പെൺകുട്ടികളും ഒന്നിച്ച് പാർക്കിലോ ബീച്ചിലോ ചുറ്റി നടക്കരുത്

എന്നിങ്ങനെയുള്ള ഭീഷണികളാണ് സദാചാര ഗുണ്ടകളിപ്പോൾ നടത്തുന്നത്. അവരുടെ ചോദ്യം ചെയ്യലും റാഗിംഗും ഭയന്ന് കുടുംബങ്ങൾക്കുപോലും പുറത്തിറങ്ങാൻ ഭയമായിരിക്കുകയാണ്. അച്ഛനും മകൾക്കും, അമ്മയ്ക്കും മകനും ഒന്നിച്ച് യാത്ര ചെയ്യാൻ പോലും സാധിക്കാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഭാര്യയോടൊപ്പം യാത്ര ചെയ്യുമ്പോൾ വിവാഹ സർട്ടിഫിക്കറ്റ് കൊണ്ടു നടക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തുകയാണ്. ഈ ഒരവസ്ഥ ദൈവത്തിന്റെ സ്വന്തം നാട്ടിലാണ് സംഭവിക്കുന്നത്. ഇവിടെ മത തീവ്രവാദം കടുത്ത മനോരോഗമായി മാറിയിരിക്കുകയാണ്. കേരളത്തിൽ നടക്കുന്ന ഗുണ്ടായിസത്തിന്റെ അടിസ്ഥാനവും അതുതന്നെയാണ്. മംഗലാപുരത്തും ബാംഗ്ലൂരിലും ബിയർ പബ്ബുകളിൽ കയറിയെന്ന പേരിൽ യുവതികളെ ആക്രമിച്ചാണ് ശ്രീരാമസേന ഇതിന് നേതൃത്വം കൊടുത്തത്. മുൻ എം.എൽ.എ. ശ്രീ. സി.എച്ച്. കുഞ്ഞമ്പുവിന്റെ മകൾക്കുണ്ടായിട്ടുള്ള അനുഭവവും ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. കൊച്ചി ഇൻഫോപാർക്കിൽനിന്നും ജോലി കഴിഞ്ഞ് രാത്രി 8 മണിക്ക് സഹപ്രവർത്തകരോടൊപ്പം യാത്ര ചെയ്ത യുവതിയെ ആക്രമിച്ചുകൊണ്ടാണ് കേരളത്തിൽ ഗുണ്ടായിസത്തിന് തുടക്കംകുറിച്ചത്. ഇതൊരു മനോവൈകൃതമാണ്. ഇതിന് മതതീവ്രവാദവുമായും പുരുഷമേധാവിത്വചിന്തയുമായും ബന്ധമുണ്ട്. രണ്ട് മാസങ്ങൾക്കുമുമ്പ് കണ്ണൂർ ജില്ലയിലെ കമ്പിൽ ബസാറിൽ നടന്ന ഒരു സംഭവം ഓർമ്മപ്പെടുത്തുകയാണ്. മുസ്ലീം സമുദായത്തിൽപ്പെട്ട യുവദമ്പതികൾ ഒരു ഓട്ടോറിക്ഷയിൽ വന്നിറങ്ങു

ന്നു. യുവതി ഗർഭിണിയാണ്. ബാങ്കിൽ നിന്ന് പണമെടുക്കാൻ തൊട്ടടുത്ത ബാങ്കിലേയ്ക്ക് പോയ ഭർത്താവ് അവിടെ നിന്നും ഭാര്യയുടെ മൊബൈലിലേയ്ക്ക് വിളിച്ചു. ഇത് കണ്ടുനിന്ന സദാചാര ഗുണ്ടകൾ, എന്താണ് സംസാരിക്കുന്നതെന്ന് ചോദിക്കുന്നു. അവർക്ക് സംശയം കൂടുന്നു. ഇവർ ഭാര്യാഭർത്താക്കന്മാരല്ലെന്ന് വിധി പ്രഖ്യാപിക്കുന്നു. ഇവർ രണ്ട് സമുദായക്കാരാണെന്ന സംശയത്തിന്റെ പേരിൽ ഗർഭിണി ഉൾപ്പെടെ രണ്ടുപേരെയും നടുറോഡിൽ വച്ച് തല്ലി. കാസർഗോഡ് ജില്ലയിൽ സദാ ചാര ഗുണ്ട വ്യാപകമാണ്. കാസർഗോഡ് ഗവൺമെന്റ് കോളേജിൽ മാഗസീൻ എഡിറ്ററും എസ്.എഫ്.ഐ. ജില്ലാ കമ്മിറ്റിയംഗവുമായ ഖദീ ജത്ത് സുലൈഖയെ എൻ.ഡി.എഫുകാരും എം.എസ്.എഫുകാരും ചേർന്ന് ക്രൂരമായി മർദ്ദിച്ചു. മുസ്ലീം പെൺകുട്ടികൾ പൊതുരംഗത്ത് ഇറങ്ങാനോ എസ്.എഫ്.ഐ. പ്രവർത്തകരാകാനോ പാടില്ലെന്നാണ് ഇവർ കൊടുത്ത നിർദ്ദേശം. അദ്ധ്യാപകനും വിദ്യാർത്ഥിയും വ്യത്യസ്ത മത ത്തിൽപ്പെട്ടവരാണെന്നുള്ള ഒറ്റ കാരണത്താൽ തന്റെ വിദ്യാർത്ഥിനിയോട് സംസാരിച്ച അദ്ധ്യാപകനെ ബസ് സ്റ്റാന്റിൽ വച്ച് ക്രൂരമായി തല്ലിച്ചതച്ച സംഭവവും ഇതിനകമുണ്ടായി. കണ്ണൂരിൽ അന്യമതസ്ഥനായ യുവാവിനോട് സംസാരിച്ച മുസ്ലീം യുവതിക്ക് ഊരുവിലക്ക് കൽപ്പിച്ചു. കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിൽ ഷാഹിദ് ബാവ എന്ന യുവാവ് രാത്രി ഒരു വീട്ടിൽ പോയി എന്നകാരണത്താൽ സദാചാര ഗുണ്ടകൾക്ക് സംശയം കൂടുകയും യുവാവിനെ തല്ലിക്കൊന്ന് ഇലക്ട്രിക് പോസ്റ്റിൽ

കെട്ടിത്തൂക്കുകയും ചെയ്തു. സ്വന്തം സമുദായത്തിൽപ്പെട്ടവരുടെ വീടുകളിലെല്ലാം ഈ സദാചാരക്കാരുടെ കണ്ണുകൾ എത്തുകയാണ്. ഇവർ ഉടുപ്പിലും നടപ്പിലും പ്രവൃത്തിയിലും എല്ലാവരെയും വീക്ഷിക്കുകയാണ്. സ്ത്രീ-പുരുഷന്മാരുടെ സകല പ്രവർത്തനങ്ങളേയും ഇവർ നിയന്ത്രിക്കുകയാണ്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന വിവാഹ രജിസ്ട്രേഷൻ നിയമത്തിനെതിരെ ചിലർ ശബ്ദമുയർത്തിയത് ഈ അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. സാമുദായിക സ്വാധീനം ശക്തമായ ഇടങ്ങളിൽ സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യംപോലും സാമുദായിക ശക്തികളുടെ മേൽനോട്ടത്തിലാണ് ഇപ്പോൾ നടക്കുന്നത്. ഇതാണ് ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ട ഇരുപതോളം സദാചാര പോലീസ് അതിക്രമങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. ഒരു ജാതി-മത ശക്തിക്കും കീഴടങ്ങാത്ത ഒരു ശക്തിക്കു മാത്രമേ ഇതിനെ ഫലപ്രദമായി നേരിടാൻ സാധിക്കുകയുള്ളൂ. പോലീസിനെ സങ്കുചിത താൽപ്പര്യങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിക്കുന്നവർക്ക് ഇതിൽ ഇടപെടാൻ പരിമിതികളുണ്ടാവും. പക്ഷേ, നാട്ടിൽ ഇതുണ്ടാക്കുന്ന വിപത്തിന് വലിയ വിലകൊടുക്കേണ്ടിവരുന്ന സ്ഥിതിയിലേയ്ക്ക് എത്തുകയാണ്. ഒരു കൊല്ലത്തിനിടയിൽ 400-ഓളം കൊലപാതകങ്ങൾ ഇവിടെ നടന്നു. അതിൽ ടി.പി. ചന്ദ്രശേഖരന്റെ വധത്തോടുകൂടി രാഷ്ട്രീയ കൊലപാതകങ്ങളിൽ അവസാനത്തേതായിരിക്കുമിതെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതിനുശേഷമാണ് മലപ്പുറത്ത് കുനിയിൽ ഇരട്ടകൊലപാതകം നടന്നത്. ബഹുമാനപ്പെട്ട പി. സി.

വിഷ്ണുനാഥിന്റെ മണ്ഡലമായ ചെങ്ങന്നൂരിൽ കഴിഞ്ഞ ദിവസം നടന്ന സംഭവം ആരെയും ഞെട്ടിപ്പിക്കുന്നതാണ്. ക്യാമ്പസുകളിൽ രാഷ്ട്രീയ പ്രവർത്തനം പാടില്ലെന്ന് പറയുന്നവരുടെ കണ്ണ് തുറപ്പിക്കുന്നതാണ് ഈ സംഭവം. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ കാമ്പസ് ഫ്രണ്ടും എൻ. ഡി.എഫും കൂടി. ഒരു എ.ബി.വി.പി. പ്രവർത്തകനെ കൊലപ്പെടുത്തുകയും അതിൽ രണ്ടുപേർ മാരകമായ പരിക്കുകളോടുകൂടി ആശുപത്രിയിലുമാണ്. 19 വയസ്സുള്ള വിദ്യാർത്ഥിയായ എ.ബി.വി.പി. പ്രവർത്തകനാണ് കൊല്ലപ്പെട്ടത്. യഥാർത്ഥത്തിൽ ഈ രണ്ട് സംഘടനകളും ജാതി മത മൗലികവാദ സംഘടനകളുമായി ബന്ധപ്പെട്ടവരാണ്. കേരളത്തിലെ ക്യാമ്പസുകളിൽ നേരത്തെ ഇവർക്ക് വലിയ സ്വാധീനമുണ്ടായിരുന്നില്ല. ഇടതുപക്ഷജനാധിപത്യ സംഘടനകളായ എസ്.എഫ്.ഐ., എ.ഐ.എസ്. എഫ് എന്നീ സംഘടനകൾ ഇത്തരം ശക്തികളെ ചെറുക്കുന്നതിനുവേണ്ടി എടുത്ത ധീരമായ നടപടികൾ തകർക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. അതിന്റെ ഫലമായി എന്താണ് സംഭവിക്കാൻ പോകുന്നത്? അരാഷ്ട്രീയവത്കരണം കാമ്പസുകളിൽ വരാൻ പോവുകയാണ്. ഇതിനെതിരായി ശക്തമായ നിലപാടുകൾ സ്വീകരിക്കേണ്ട പോലീസിന്റെ സ്ഥിതി ഇതിനേക്കാൾ പരമ ദയനീയമാണ്. പോലീസിന് ഇവരെ പേടിയാണ്. ബഹുമാനപ്പെട്ട മുൻ സ്പീക്കർ കെ. രാധാകൃഷ്ണന്റെ മണ്ഡലത്തിൽ നടന്ന ഒരു സംഭവത്തെപ്പറ്റി ഇവിടെ പറഞ്ഞല്ലോ? കഴിഞ്ഞ ദിവസം ഒരു പോലീസിലെ സി.ഐ. ബസ് യാത്രയിൽ

വച്ച് ഒരു സ്ത്രീയോട് കാണിച്ച വൈകൃതങ്ങളെപ്പറ്റി ഇവിടെ പറയാൻ പറ്റില്ല. ഒരുഭാഗത്ത് കാവിവത്കരണവും മറുഭാഗത്ത് പച്ചവത്കരണവുമാണ് നടക്കുന്നത്. ഭരണകർത്താക്കൾ മത മൗലീക തീവ്രവാദികൾക്ക് കീഴടങ്ങിയാൽ ഇതായിരിക്കും സ്ഥിതി. മുസ്ലീം ലീഗുകാരാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്. കാരണം മുസ്ലീം ലീഗിനാണ്, കേരളത്തിലെ മുസ്ലീം സമുദായത്തിൽ ഗണനീയമായ ഒരു സ്വാധീനമുള്ളത്. എല്ലാ പാർട്ടികളിലും മുസ്ലീം സമുദായങ്ങളുണ്ട്. ആഗോളതലത്തിൽതന്നെ സാമ്രാജ്യത്വം മുസ്ലീം സമുദായത്തെയും ആ മതത്തേയും വല്ലാത്ത രൂപത്തിൽ ഒറ്റപ്പെടുത്തുകയും എല്ലാ തീവ്രവാദ-വിഘടന പ്രസ്ഥാനങ്ങൾക്കും പിന്നിൽ ഈ മതമാണെന്നൊരു പ്രചരണവും നടത്തുന്ന ഒരു കാലഘട്ടത്തിൽ അതിനെതിരായി ശക്തമായ നിലപാട് സ്വീകരിക്കണമെങ്കിൽ മതനിരപേക്ഷ ശക്തികളെ മുസ്ലീം സമൂഹത്തിന്റെ കൂടെ യോജിപ്പിച്ചുകൊണ്ടുള്ള ശക്തമായ നിലപാട് സ്വീകരിച്ചേ മതിയാവൂ. യഥാർത്ഥത്തിൽ മുസ്ലീംലീഗ് ശ്രദ്ധിക്കേണ്ടത് നിങ്ങളുടെ ചിറകിനുള്ളിൽ ഈ രൂപത്തിലുള്ള ശക്തികൾ സംരക്ഷിക്കപ്പെടുന്നുവെന്ന തോന്നലുപോലും ഉണ്ടാക്കരുത്. നാദാപരുത്ത് വലിയൊരു വർഗ്ഗീയ കലാപമുണ്ടാക്കാനുള്ള മുസ്ലീം തീവ്രവാദികളുടെ ശ്രമത്തിനിടയിലാണ് അഞ്ച് മുസ്ലീംലീഗ് പ്രവർത്തകർ ബോംബ് പൊട്ടി മരണപ്പെട്ടതെന്നുള്ളത് നിസ്സാരമായി കാണരുത്. അതിൽ പ്രതികളായ 33 പേരിൽ 15 പേരെ മാത്രമേ പിടിക്കാൻ കഴിഞ്ഞുള്ളൂവെന്നാണ് 1-07-2012-ലെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 249-ന് മറുപടിയായി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയിരിക്കുന്നത്. വിദ്യാർത്ഥി ജീവിതമെന്നത് ഒരു യുവത്വ കാലഘട്ടമാണ്, അതൊരു റൊമാന്റിക് കാല ഘട്ടം കൂടിയാണ്. സ്നേഹിക്കുക, സ്നേഹിക്കപ്പെടുക, പ്രേമിക്കുക, പ്രേമിക്കപ്പെടുക ഇതൊക്കെ ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയും ഒരു പ്രത്യേക അനുഭൂതിയുമാണ്.

മി. സ്പീക്കർ: ഈ കാലഘട്ടത്തിന്റെ മാത്രമല്ല, എല്ലാ കാലഘട്ടത്തി ന്റെയും പ്രത്യേകതയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, എല്ലാ കാലഘട്ടത്തിന്റെയുമാണ്, പക്ഷേ, ഈ കാലഘട്ടത്തിന്റെ പ്രത്യേകത നമുക്കെല്ലാവർക്കും അറിയാ മെന്നുള്ളതുകൊണ്ട് പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഇതിനെതിരായ ഇട പെടൽ യുവത്വത്തിന്റെ ചൈതന്യത്തോടുള്ള ഒരു വെല്ലുവിളിയാണ്. സദാ ചാര പോലീസ് എന്ന ഗുണ്ടാവിളയാട്ടത്തിന്റെ പശ്ചാത്തലത്തിൽ ഇതു കൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനെ ശക്ത മായി നേരിടണം. ഗുണ്ടാ ആക്ട് ഉപയോഗിച്ച് ഇതിനെ നേരിടാൻ നമുക്ക് കഴിയണം. ഒരു രൂപത്തിലും ഒരുഭാഗത്തുനിന്നുമുള്ള രാഷ്ട്രീയ സംര ക്ഷണം ഇതിന് ഉണ്ടാവാൻ പാടില്ല. 17-07-2012-ലെ മാതൃഭൂമി ആഴ്ചപ്പതി പ്പിൽ ഒരു വാർത്ത വന്നു. "പുറത്തുനിന്ന് ഒരു സി.പി.എം....... സത്വാർത്ത" വീക്കിലിയിൽ വന്നൊരു വാർത്തയാണ്- തികച്ചും വ്യക്തി പരമെന്ന് ഉറപ്പിച്ച് വിശ്വസിക്കപ്പെടുന്ന പ്രണയം എന്ന ഇടപാടിൽ ഒരു രാഷ്ട്രീയപ്രസ്ഥാനത്തിന് എന്താണ് കാര്യം? കാര്യമുണ്ടെന്നാണ് തമിഴ്നാ

ട്ടിൽ നിന്നുള്ള വാർത്ത. പ്രണയവിവാഹങ്ങൾക്ക് പ്രോത്സാഹനം നൽകാനും സംരക്ഷിക്കാനും സൗകര്യമൊരുക്കാനും സി.പി.ഐ.(എം) ന്റെ തമിഴ്നാട് ഘടകം സംസ്ഥാനതലത്തിൽ തീരുമാനമെടുത്തിരിക്കുന്നു. വിവാഹിതരാകാൻ ആഗ്രഹിക്കുന്ന പ്രണയികൾക്ക് സി.പി.ഐ.(എം)-ന്റെ അതാത് ജില്ലാഘടകത്തെ സമീപിക്കാം. മിശ്രജാതി വിവാഹത്തിന്റെ കാര്യത്തിൽ അവരുടെ സംരക്ഷണം സാമൂഹ്യമായ ഒറ്റപ്പെടലിൽ നിന്ന് മോചിപ്പിക്കൽ എന്നിവയും ഏറ്റെടുക്കുന്നു. 2007-ൽ സി.പി.ഐ(എം) തമിഴ്നാട് ഘടകത്തിന്റെ അഭിമുഖ്യത്തിൽ രൂപീകരിച്ച Tamilnadu Untouchability Eradication Front-ന്റെ നേതൃത്വത്തിലാണ് ഈ കർമ്മ പരിപാടികൾ നടത്തുന്നത്. തമിഴ്നാടിലെ യുവാക്കൾക്കിടയിൽ അഭൂതപൂർവ്വമായ പ്രതികരണമാണ് ഈ തീരുമാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നതെന്നാണ് മാതൃഭൂമി വീക്കിലിയിൽ പറയുന്നത്. ഈ social evils –നെ പരിപൂർണ്ണമായി ഇല്ലാതാക്കാൻ കഴിയണം. കേരളത്തിലെ മിക്ക പത്രങ്ങളും ഇക്കാര്യത്തിൽ വളരെ സജീവമായ ഇടപെടൽ ഇപ്പോൾ നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വാർത്തകൾ മലയാള മനോരമ, മാതൃഭൂമി, ചന്ദ്രിക, മാധ്യമം തുടങ്ങിയ എല്ലാ പത്രങ്ങളിലും ഇതിനോടകം തന്നെ വന്നുകഴിഞ്ഞു. “സദാചാര പോലീസ് വേണ്ട” - മാതൃഭൂമി എഡിറ്റോറിയലാണ്. “സദാചാര പോലീസുകാരുടെ വിളയാട്ടം കേരളത്തിൽ പലയിടത്തും ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും സ്വൈര്യജീവിതത്തിനും വലിയ ഭീഷണിയാകുന്നു. കടുത്ത നടപടിയും ശക്തമായ സാമൂ

ഹ്യ ഇടപെടലും ഉണ്ടെങ്കിൽ മാത്രമേ ഇക്കൂട്ടരുടെ കാട്ടുനീതിക്ക് കൂടുതൽ പേർ ഇരകളാകാതെ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ". മലയാള മനോരമ-"സദാചാര പോലീസിന്റെ പേക്കൂത്ത് ഇനിവേണ്ട-സംസ്ക്കാരത്തിന്റെയും പുരോഗമന ചിന്തയുടെയും പേരിൽ അഭിമാനം കൊള്ളുന്ന കേരളത്തെ നാണംകെടുത്താൻ വേണ്ടിയുള്ളതാണ്. അഭിനവ സദാചാര ഭടന്മാരുടെ വിളയാട്ടം"; മുക്കം, തൊടുപുഴ സംഭവങ്ങൾ നാടിന് അപമാനം, സദാചാര പോലീസിന്റെ മർദ്ദനമേറ്റ യുവാവിന്റെ മരണം-. അഞ്ച് പേർക്കെതിരെ കേസ്. സദാചാരപോലീസിനുപിന്നിൽ സിമിയുടെ സാന്നിദ്ധ്യം- മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, സദാചാര പോലീസ് പിടിച്ചു കൊണ്ടുപോയ യുവാവ് തീവണ്ടിതട്ടി മരിച്ചനിലയിൽ, കണ്ടാൽ സദാചാരലുക്കില്ലെങ്കിൽ ദമ്പതികളും കൊണ്ടതുതന്നെ. ഇത് ഒരു ലേഖന പരമ്പരയാണ്. ഇതുപോലെ തന്നെ മാധ്യമം, മംഗളം തുടങ്ങിയ എല്ലാ പത്രങ്ങളിലും ഇത്തരം വാർത്തകൾ വന്നിട്ടുണ്ട്. എല്ലാം ഞാൻ വായിക്കുന്നില്ല. കേരളത്തിന്റെ പൊതു മന:സാക്ഷി ഇതിനെതിരായി ഉണർന്നിരിക്കുന്നു, ഇതിനെ ശക്തമായി നേരിടാൻ നമുക്ക് കഴിയണം. അല്ലെങ്കിൽ കേരളം അരാജകത്വത്തിലേയ്ക്ക് നീങ്ങും. വളരെയേറെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ചട്ടം 58 പ്രകാരം ഇവിടെ നോട്ടീസ് കൊടുത്തത്. ഇതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് മന്ത്രിയും ഗവൺമെന്റും പ്രതികരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, ശ്രീ. എ. കെ. ബാലൻ സൂചിപ്പിച്ച ആദ്യത്തെ ഒരു പോയിന്റിനോട് ഞാൻ യോജിക്കുകയാണ്. ഇതിനെ ഒരിക്കലും സദാചാര പോലീസെന്ന് വിളിക്കരുത്, 'സദാചാര ഗുണ്ടായിസം' എന്നാണ് വിളിക്കേണ്ടത്. കാരണം, പോലീസെന്നുപറഞ്ഞാൽ അതിനൊരു മാന്യതയുണ്ട്, പ്രത്യേകിച്ച് ഈ പ്രയോഗത്തിന് ക്രിമിനൽ കുറ്റം ചെയ്യുന്ന ആളുകൾക്കുള്ള ഒരു തൂവലായിട്ടൊരിക്കലും ചാർത്തിക്കൊടുക്കരുത്. അതുകൊണ്ട് ഇതിനെ സദാചാര ഗുണ്ടായിസമെന്നുതന്നെ വിളിക്കണം. ഇതിലേയ്ക്ക് നയിക്കുന്ന പല കാര്യങ്ങളുമുണ്ട്. ഭൂരിപക്ഷമറിയാതെയാണെങ്കിലും ന്യൂനപക്ഷമറിയാതെയാണെങ്കിലും അതിനെ സമൂഹത്തിൽ ഒറ്റപ്പെടുത്തേണ്ടതാണ്. ശ്രീരാമസേനയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മര്യാദാപുരുഷോത്തമൻ എന്നാണ് ശ്രീരാമനെക്കുറിച്ച് പറയുന്നത്. എല്ലാ ജാതി-മത വിഭാഗത്തിൽപ്പെട്ടവർക്കും ഒരു മാതൃകയായ ശ്രീരാമന്റെ പേരിലാണ് വർഷങ്ങൾക്കുമുമ്പ് ശ്രീരാമസേനയുണ്ടാക്കി കുറെ പെൺകുട്ടികളെ തല്ലിച്ചതച്ച സംഭവം മംഗലാപുരത്തുണ്ടായത്. അതിനുശേഷം കേരളത്തിലും ഇതുപോലുള്ള നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. 'നിങ്ങൾ മനുഷ്യനേയും സ്നേഹിക്കണം ഈ സമൂഹത്തിലെ എല്ലാ ജീവജാലങ്ങളേയും സ്നേഹിക്കണം' എന്നാണ് പ്രവാചകനായ നബി തിരുമേനി മനുഷ്യസമൂഹത്തോട് പറഞ്ഞത്. ആ നബി തിരുമേനിയുടെ വചനം പോലും കാറ്റിൽ പറത്തിക്കൊണ്ട് ചിലർ ഇവിടെ ന്യൂനപക്ഷ

വർഗ്ഗീയത നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. അതിന്റെ ചില ഉദാഹരണങ്ങളാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്, ഞാനത് ആവർത്തിക്കുന്നില്ല. വർഷങ്ങൾക്കുമുമ്പ് കേരളത്തിന് മുഴുവൻ നാണക്കേടുണ്ടാക്കിയ ഒരു സംഭവമായിരുന്നു മാറാട് കലാപം. സത്യം പറഞ്ഞാൽ, ആ മാറാട് കലാപത്തിലേയ്ക്ക് നയിച്ചതും ഇതുപോലെ ഒരു നിസ്സാരസംഭവമാണ്. അന്ന് ലോകം മുഴുവൻ പുതുവത്സരം ആഘോഷിക്കാൻ തയ്യാറെടുക്കുന്നതിന്റെ ആഘോഷങ്ങൾ നടക്കുമ്പോൾ പൈപ്പിൽ വെള്ളമെടുക്കാൻ വന്ന ഒരു പെൺകുട്ടിയെ ഒരു ചെറുപ്പക്കാരൻ കമന്റടിച്ചു എന്നുള്ളതിന്റെ പേരിൽ...... ദൗർഭാഗ്യവശാൽ ആ പെൺകുട്ടിയും കമന്റടിക്കാൻ വന്ന ചെറുപ്പക്കാരനും രണ്ട് മതവിഭാഗത്തിൽപ്പെട്ടവരായിരുന്നു. അതിനെത്തുടർന്നാണ് മാറാട് കലാപമുണ്ടായതും ധാരാളം നിരപരാധികൾ രണ്ട് ഭാഗത്തും കൊല ചെയ്യപ്പെട്ടതും. കലാപത്തിന് നേതൃത്വം നൽകിയവർക്കൊന്നും ഒരു കുഴപ്പവുമുണ്ടായില്ല. ആ കലാപത്തിൽ രണ്ട് സമുദായത്തിലുംപെട്ട പാവപ്പെട്ട ധാരാളം നിരപരാധികൾ അതിക്രൂരമായി കൊല ചെയ്യപ്പെട്ടു. അതുപോലെതന്നെ നമ്മുടെ നാട്ടിലും പല സംഭവങ്ങളും പിന്നീടുമുണ്ടായിട്ടുണ്ട്. ഇവിടെ ഒരു കാര്യം കൂടി പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ക്രമസമാധാന പരിപാലനത്തിന് ഏറ്റവും ഉത്തരവാദപ്പെട്ടവരാണ് പോലീസെന്ന് പറയുന്നത്. ഇവിടെ കുറേ വർഷങ്ങളായി പോലീസിലെ ചിലർ, ഒരിക്കലും ഞാൻ എല്ലാവരേയും കുറ്റപ്പെടുത്തുന്നില്ല, കാരണം, കേരളത്തിലെ പോലീസ്

ധാരാളം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് മുൻകൈയെടുത്തവരാണ്. ഇന്നും അവരെ വെല്ലാൻതക്ക കഴിവുള്ളവർ അന്യസംസ്ഥാനത്തു പോലുമില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. നല്ല ഒരു ഗ്ലാസ് പാലിൽ ഒരു തുള്ളി വിഷം വീണാൽ പിന്നെ ആ പാൽ ഉപയോഗിക്കാൻ കൊള്ളി ല്ലെന്ന് നമുക്കറിയാം. തിരുവനന്തപുരം നഗരത്തിലും കഴിഞ്ഞ കുറേ വർഷങ്ങളായി പോലീസിലെ ചില ഉദ്യോഗസ്ഥന്മാർക്ക് ഗുണ്ടാസംഘങ്ങ ളുമായി ബന്ധങ്ങളുണ്ട്. ഏതാണ്ടൊരു മൂന്ന് വർഷം മുമ്പ് കഴക്കൂട്ടത്ത് വച്ചൊരു ഗുണ്ടയെ പരസ്യമായി നടുറോഡിൽ വച്ച് വെട്ടിക്കൊന്നപ്പോൾ ഒരു ആക്ഷനും അന്ന് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ല. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിൽ എന്റെ വീടിന്റെ സമീപത്ത് കവടിയാറിലെ ഹീരാ ഫ്ളാറ്റിൽ താമസിക്കുന്ന ഒരു ചെറുപ്പക്കാരൻ, അദ്ദേ ഹത്തിന്റെ പേര് അജീഷ് എന്നാണ്, ഭൂമി കച്ചവടം നടത്തുന്നയാളാണ്. സ്ഥിരമായി ഒരു ബ്ലൈഡ് കമ്പനിയിൽ നിന്നാണ് ഇയാൾ വായ്പ എടു ക്കാറുള്ളത്. ഭൂമി കച്ചവടം നടത്തി ലാഭം കിട്ടുമ്പോൾ വായ്പ തിരിച്ചട യ്ക്കും. പക്ഷേ ഒരിക്കൽ 6 ലക്ഷം രൂപ കടമെടുത്ത ഈ ചെറുപ്പക്കാരന് ആ തുക തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ല. പണം തിരിച്ചടയ്ക്കാൻ കഴിയാ ത്തതിന്റെ പേരിൽ ഈ ചെറുപ്പക്കാരനെ ഗുണ്ടാസംഘം തട്ടിക്കൊണ്ടു പോയി മൂന്ന് ദിവസം ശാരീരികമായി പീഡിപ്പിച്ചു. ഇതറിഞ്ഞ ചെറുപ്പ ക്കാരന്റെ ബാംഗ്ലൂരിൽ താമസിക്കുന്ന അമ്മ തിരുവനന്തപുരത്ത് വന്ന് പേട്ട യിലുള്ള അവരുടെ കുറെ ഭൂമി ഈ ഗുണ്ടാസംഘം നിർദ്ദേശിച്ച ആളുക

ളുടെ പേരിൽ രജിസ്റ്റർ ചെയ്തുകൊടുത്തു. അങ്ങനെ അവസാനം ഈ ചെറുപ്പക്കാരനെ മോചിപ്പിച്ചു. ആ നിയോജക മണ്ഡലത്തിലെ എം.എൽ. എ. ആയ എന്നോടോ അവിടെയുള്ള ഏതെങ്കിലും ജനപ്രതിനിധി കളോടോ പരാതി പറയാൻ അവർ തയ്യാറായില്ല. അതിന്റെ അർത്ഥം, പോലീസിൽ പരാതി പറഞ്ഞാലും നീതി കിട്ടില്ലെന്നുള്ള സംശയം കൊണ്ടായിരിക്കും. പല സ്ഥലത്തുമുള്ള ഗുണ്ടാ സംഘങ്ങൾക്കും പോലീസിലെ ചില ഉദ്യോഗസ്ഥന്മാരുമായി വർഷങ്ങളായുള്ള ബന്ധം കാരണം അവർക്ക് നീതി കിട്ടില്ലെന്നറിയാമായിരിക്കും. അതുപോലെ തന്നെ തൃക്കണ്ണാപുരത്തെ മണൽ കള്ളക്കടത്തിനെക്കുറിച്ച് ഇന്നലെ പത്രങ്ങളിലൊക്കെ റിപ്പോർട്ട് ചെയ്തു. ആ മണൽ കള്ളക്കടത്ത് നട ത്തുന്ന പ്രദേശത്തേയ്ക്ക് ആർക്കും ചെല്ലാൻ കഴിയുന്നില്ല. ഇന്നലെ ആർ.ഡി.ഒ.- യും എ.ഡി.എം.- ഉം ഒക്കെ സംഭവസ്ഥലത്തെത്തി. അവർ അന്വേഷിച്ചപ്പോൾ മാഫിയകളൊക്കെ സ്ഥലം വിട്ടുകഴിഞ്ഞിരുന്നു. ഇങ്ങ നെയുള്ള സ്ഥിതിഗതികളുണ്ടാകുമ്പോൾ ഇതിനൊക്കെ എതിരായിട്ടുള്ള ശക്തമായ നടപടികൾ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. മാത്രമല്ല, ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തി ക്കാതിരിക്കാനുള്ള ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീ. എ. കെ. ബാലൻ ഇവിടെ ചില രാഷ്ട്രീയ പാർട്ടികളുടെ പേരെടുത്തുപറഞ്ഞു. സദാചാര ഗുണ്ടായിസമെന്നുപറയുമ്പോൾ ക്രിമിനലുകൾക്ക് മാത്രമല്ല, രാഷ്ട്രീയ

പാർട്ടികൾക്കും ഇതൊക്കെ ബാധകമാണ്. നമുക്കറിയാം, ഇൻഡ്യൻ രാഷ്ട്രീയത്തിലാണെങ്കിലും കേരള രാഷ്ട്രീയത്തിലാണെങ്കിലും നമ്മൾ തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുള്ളതുകൊണ്ടാണല്ലോ രണ്ട് ഭാഗത്തായി നമ്മൾ ഇരിക്കുന്നത്. പക്ഷേ നമ്മളൊക്കെ പൊതുപ്രവർത്ത കരാണ്. ഇവിടെ അനാവശ്യ കാര്യങ്ങളുടെ പേരിൽ നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ തീർച്ചയായും ശിക്ഷാർഹം തന്നെയല്ലേ? ഇവിടെ ഫസൽ എന്ന ഒരു ചെറുപ്പക്കാരൻ കൊല ചെയ്യപ്പെട്ടു. അദ്ദേഹം താൻ വിശ്വസിച്ച രാഷ്ട്രീയ പ്രസ്ഥാനത്തുനിന്ന് മറ്റൊരു പ്രസ്ഥാനത്തിലേയ്ക്കു പോയി. അത് ശരിയാണോ തെറ്റാണോ എന്നുള്ളത് വേറെ കാര്യം. ചേർന്ന പ്രസ്ഥാനത്തെക്കുറിച്ച് എല്ലാവർക്കും അഭിപ്രായ വ്യത്യാസമുണ്ട്, അതൊരു യാഥാർത്ഥ്യമാണ്. പക്ഷേ അതിന്റെ പേരിൽ ഒരു കൊല നടന്നു കഴിയുമ്പോൾ...... രാഷ്ട്രീയത്തിൽ ഒരാൾക്ക് ഒരു പാർട്ടിയിൽ നിന്ന് രാജിവച്ച് വേറെ പാർട്ടിയിലേക്ക് പോകാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ അതിന്റെ പേരിൽ കൊലപാതകം നടന്നു, ഫസൽ എന്ന ചെറുപ്പക്കാരനെ കൊന്നു. അതുപോലെ ഷുക്കൂർ എന്ന ചെറുപ്പക്കാരൻ. ഏത് രാഷ്ട്രീയ പാർട്ടി ഭാരവാഹികളുടെ കാറിലും കല്ലെറിയുന്നത് തെറ്റ് തന്നെയാണ്, സംശയമൊന്നുമില്ല. പക്ഷേ കല്ലെറിഞ്ഞതിന്റെ പേരിൽ എസ്.എം.എസ്. സന്ദേശം കൊടുത്ത് ആ ചെറുപ്പക്കാരനെ ക്രൂരമായി കൊല ചെയ്തു. ഇതും തെറ്റ് തന്നെയാണ്. അതും സദാചാര ഗുണ്ടായിസത്തിന്റെ ഭാഗംത ന്നെയാണ്. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഒരു രാഷ്ട്രീയ

പാർട്ടിക്കും, കോൺഗ്രസ്സിനാണെങ്കിലും മാർക്സിസ്റ്റ് പാർട്ടിക്കാണെങ്കിലും ഏത് രാഷ്ട്രീയ കക്ഷിക്കാണെങ്കിലും സ്വന്തമായി ഗ്രാമങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വമൊന്നുമില്ല. അതിനിവിടെ പോലീസുണ്ട്, നീതിന്യായമുണ്ട്, എല്ലാ സംവിധാനങ്ങളും ഈ സംസ്ഥാനത്തുണ്ട്. അതിനുപകരം പാർട്ടി ഗ്രാമങ്ങൾ സ്ഥാപിക്കുക, ആ പാർട്ടി ഗ്രാമങ്ങളിൽ മറ്റാർക്കെങ്കിലും പ്രവേശനമുണ്ടോ? ഞാൻ ഒരിക്കൽ ഒരു ഉപതെരഞ്ഞെടുപ്പിൽ വടക്കാഞ്ചേരിയിൽ മത്സരിച്ചപ്പോൾ, ശ്രീ. ബാബു. എം. പാലിശ്ശേരിക്കറിയാം, ചിലയിടത്ത് ബോർഡ് വച്ചിരിക്കുകയാണ്, ചുവപ്പുകോട്ടയിലേയ്ക്ക് സ്വാഗതം, ചുവപ്പല്ലാത്ത ആരും അങ്ങോട്ട് പ്രവേശിച്ചുകൂടാ. ഒരു സ്ഥാനാർത്ഥിയായ എന്നെപ്പോലും അന്ന് അവിടെ പ്രവേശിപ്പിക്കാൻ തയ്യാറായിട്ടില്ല. അങ്ങനെയൊക്കെയുള്ള പാർട്ടി ഗ്രാമങ്ങൾ വച്ചുകൊണ്ട് ആ ഗ്രാമങ്ങളിലേയ്ക്ക് കടക്കുന്നവരെ കായികമായി കൈകാര്യം ചെയ്യുന്നതും രാഷ്ട്രീയ പാർട്ടിയിൽ അഭിപ്രായ വ്യത്യാസമുള്ളവരെ വെട്ടിക്കൊല്ലുന്നതും തീർച്ചയായും സദാചാര ഗുണ്ടായിസം തന്നെയാണ്. അത് ഏത് പാർട്ടി നടത്തിയാലും ശരി. അതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കണം. അതുകൊണ്ട് ഈ രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തുന്നവർ ആരാണെങ്കിലും ഏത് പാർട്ടിയാണെങ്കിലും, ഞാൻ ഇന്ന പാർട്ടിയെന്ന് പറയുന്നില്ല. ലീഗുകാർ കുറെക്കൂടി ശ്രദ്ധിക്കണമെന്നാണ് ഇവിടെ ശ്രീ. എ. കെ. ബാലൻ പറഞ്ഞത്. എനിക്ക് തിരിച്ചുപറയാനുള്ളത്, മാർക്സിസ്റ്റ് പാർട്ടി ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

കാരണം, അഭിപ്രായ വ്യത്യാസങ്ങളുള്ളവരെ കൊല ചെയ്യുന്ന സമ്പ്രദായം ശരിയല്ലെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഘടകകക്ഷികൾ ഒന്നടങ്കം, ശ്രീ. സി. ദിവാകരന്റെ പാർട്ടിയുൾപ്പെടെ,അതിശക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് രാഷ്ട്രീയ ഗുണ്ടായിസത്തിൽ ഇതും ബാധകമാണ്. അതുകൊണ്ട് എനിക്കൊരു കാര്യം മാത്രമാണ് ആഭ്യന്തര വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പറയാനുള്ളത്, തെറ്റ് ആര് ചെയ്താലും ശിക്ഷിക്കപ്പെടണം, ശക്തമായി അവരെ നിയമത്തിനുമുമ്പിൽ കൊണ്ടു വരണം. രാഷ്ട്രീയ പാർട്ടികൾക്ക് ഇതുപോലുള്ള ക്രിമിനൽ സംഘങ്ങളുമായുള്ള ബന്ധങ്ങൾ പാടില്ല. അങ്ങനെ ബന്ധങ്ങളുള്ളവരെ ഒറ്റപ്പെടുത്താൻ അതാത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുന്നോട്ടുവന്നാൽത്തന്നെ ഈ സദാചാര ഗുണ്ടായിസത്തെ കേരളത്തിൽ നിന്ന് കെട്ടുകെട്ടിക്കാൻ കഴിയും. അതിന് സഭ ഒന്നടങ്കം പ്രവർത്തിക്കണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എന്റെ എളിയ നിർദ്ദേശങ്ങൾ ഇവിടെ സമർപ്പിക്കുകയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, യഥാർത്ഥ സാമൂഹിക പ്രശ്നങ്ങളിൽ പൊതുവെ പ്രതികരണം കുറവായ നമ്മുടെ മലയാളികളുടെ ഇടയിൽ സദാചാര പോലീസ് നിറഞ്ഞാടുന്ന ഒരു സാഹചര്യത്തെ സംബന്ധിച്ച് ബഹുമാന്യരായിട്ടുള്ള മെമ്പർമാർ ഇവിടെ സംസാരിച്ചു. സദാചാര പോലീസ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. വളരെ ഗൗരവകരമാണ്. ഇവർക്ക് നിയമമില്ല. ധാർമ്മികതയില്ല. യുക്തിയില്ല. സാമാന്യമര്യാദയില്ല. നിരർത്ഥകങ്ങളായിട്ടുള്ള സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ മനസ്സിലിരിക്കുന്ന കാര്യങ്ങൾ സമൂഹത്തിൽ അടിച്ചേൽപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സദാചാര പോലീസ് യഥാർത്ഥത്തിൽ ശ്രമിക്കുന്നത്. ഇവിടെ സർവ്വകക്ഷി ഐക്യം ഉണ്ടാകണം. ഇവരുടെ ഗുണ്ടായിസം അവസാനിപ്പിക്കണമെന്നുണ്ടെങ്കിൽ സദാചാര പോലീസ് എന്ന് പറയുന്ന പ്രയോഗം തന്നെ അവസാനിപ്പിച്ച് സദാചാര ഗുണ്ടകൾ എന്നവരെ പേര് മാറ്റി വിളിക്കണം............. സദാചാരമല്ല. ഗുണ്ടകൾ. ഗുണ്ടകൾക്ക് സദാചാരമില്ല. അപ്പോൾ ഈ സദാചാര പോലീസ് എന്നുള്ള പ്രയോഗം മാറ്റി ഗുണ്ടകളുടെ ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശക്തമായിട്ടുള്ള നിലപാടുകൾ ഉണ്ടാകുകയും ചെയ്യണം. പലപ്പോഴും ഇത്തരം ആക്രമണങ്ങൾക്ക് വിധേയരാകുന്നവർ പോലീസ് സ്റ്റേഷനുകളിൽ പോലും എത്തി ഒരു പരാതി കൊടുക്കാത്ത സാഹചര്യമുണ്ട്. ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും സ്വൈര്യജീവിതത്തിനും തടസ്സം സൃഷ്ടിക്കുന്ന, ഭീഷണി ഉയർത്തുന്ന ഇത്തരം ഗുണ്ടകളുടെ പേരിൽ ശക്തമായ നടപടി

യെടുക്കുന്നതിന് അങ്ങയുടെ പോലീസിന് കഴിയുമോ എന്നുള്ളതാണ്. ഇവരുടെ സങ്കുചിത ഭാവത്തിന്റെയും വികലമായ ചിന്തയുടെയും ശിക്ഷ മുഴുവൻ ഏറ്റുവാങ്ങേണ്ടിവരുന്നത് ഈ നാട്ടിലെ സാധാരണ പൗരന്മാരാ ണെന്ന തിരിച്ചറിവ് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് ഉണ്ടാകണം. ഇതു മായി ബന്ധപ്പെട്ട് ഇവിടെ ചർച്ച വന്നപ്പോൾ സഖാവ് കോടിയേരി ബാല കൃഷ്ണൻ തന്നെ ഈ നിയമസഭയിൽ ഉന്നയിച്ച ചോദ്യത്തിന് അങ്ങ് പറഞ്ഞ മറുപടി ഇവിടെ പറയാൻ പറ്റുന്നതും പറ്റാത്തതുമായ കാര്യങ്ങൾ ഉണ്ടെന്ന് പറയുമ്പോൾ ഈ ദുരാചാര ഗുണ്ടകളുടെ പേരിൽ അങ്ങയുടെ പോലീസ് സ്വീകരിക്കുന്ന നിലപാടുകൾ എന്താണെന്ന് അറിയുന്നതിന് ആഗ്രഹമുണ്ട്. പലപ്പോഴും ഇത്തരം പീഡനങ്ങൾക്ക് ഇരയായി മാറുന്ന ആളുകൾ നിസ്സഹായരായി നിൽക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഇന്ന ലെയും മിനിഞ്ഞാന്നും ഈ ദിവസങ്ങളിലുമൊക്കെ ഉണ്ടായിക്കൊണ്ടിരി ക്കുന്ന സംഭവങ്ങളുണ്ട്. ഇന്നലെ ട്രെയിനിൽ കിടന്നുറങ്ങിയ യുവതി യുടെ നേരെ ഗുണ്ടാ ആക്രമണം അഴിച്ചുവിടുന്ന സാഹചര്യമുണ്ടായി. അവരെ വളരെ നിസ്സാരമായി റെയിൽവേ പോലീസ് അറസ്റ്റ് ചെയ്യുകയും വിട്ടയയ്ക്കുകയും ചെയ്യുന്ന സാഹചര്യവുമാണുണ്ടായത്. അവർ ചിറ യിൻകീഴിൽ വന്ന് കേസ് കൊടുത്തു. വളരെ ഗൗരവകരമായ ഒട്ടനവധി വിഷയങ്ങളുണ്ട്. ഓരോ ദിവസവും ഓരോ മണിക്കൂറും ഓരോ സെക്കന്റിലും ഇത്തരം സംഭവങ്ങളുണ്ടാകുന്നുവെന്ന് പറയുന്നത് കേരള ത്തിലെ നമ്മുടെ സദാചാരത്തിന്റെ വികൃതമായ മുഖം പുറത്തുകൊണ്ടുവ

രുന്നതാണ്. അതുകൊണ്ട് ഇക്കാര്യങ്ങളെ സംബന്ധിച്ച് അങ്ങയുടെ പോലീസ് സ്വീകരിക്കുന്ന സമീപനമാണ് പ്രധാനം. ഡോക്ടർ സോളമന്റെയടുത്ത് ചികിത്സയ്ക്കുവേണ്ടി ചെന്ന ഡി.വൈ.എഫ്.ഐ. നേതാവ് കൂടിയായ യുവതിയെ മാനഭംഗം ചെയ്ത കേസിൽ ഡോക്ടർ സോളമനെ ഇതുവരെ സസ്പെന്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അയാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽപോലും പോലീസിന്റെ മുമ്പിൽകൂടി തെക്കു വടക്ക് നടക്കുന്ന ഡോക്ടർ സോളമന്റെ പേരിൽ അങ്ങയുടെ പോലീസ് നടപടി സ്വീകരിക്കുന്നില്ല. സത്യയുമായി ബന്ധപ്പെട്ടത് അങ്ങയുടെ മുമ്പിലുള്ള വിഷയമാണ്. അതുപോലെ പന്ത്രണ്ടിലധികം പെൺകുട്ടികൾ .......... സത്യ എന്ന് പറയുന്ന പെൺകുട്ടി തമിഴ്നാട്ടിൽ കൊല്ലപ്പെട്ടു. ഒരു വലിയ സെക്സ് റാക്കറ്റ് അതിന് പിന്നിലുണ്ട്. തമിഴ്നാട്ടിലെ നിസ്സാരക്കാരനല്ല അതിന് പിന്നിലുള്ളത്. അറസ്റ്റിലായത് തമിഴ്നാട്ടിലെ എക്സ് എം.എൽ.എ. ആണ്. വളരെ ഗൗരവകരമായ ഒട്ടനവധി പ്രശ്നങ്ങളോട് അദ്ദേഹത്തിന്റെ പോലീസ് സ്വീകരിക്കുന്ന സമീപനം ഒരിക്കലും തൃപ്തികരമല്ല. ഒരു വലിയ സെക്സ് റാക്കറ്റ്, 12-ൽ അധികം പെൺകുട്ടികൾ ഉൾപ്പെട്ട ......................(മൈക്ക് ഓഫ്).........................

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഈ ക്രിമിനൽ കുറ്റം ചെയ്യുന്നവർക്ക് മതമില്ല. അവരുടെ മതം ക്രിമിനലിസമാണ്. അതുകൊണ്ട് തീവ്രവാദത്തിന് മതമോ മതത്തിന് തീവ്രവാദമോ ഇല്ല. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരനും ബാക്കിയുള്ളവരും പറഞ്ഞതുപോലെ സദാചാര പോലീസ് എന്ന പദപ്രയോഗം നമ്മൾ നിറുത്തണം. പോലീസ് സേനയ്ക്ക് തന്നെ അത് അപമാനകരമാണ്. ഈ സംഭവത്തിനുപിന്നിൽ ഗുണ്ടായിസവും പിരിവുമൊക്കെയുണ്ട്. ഒരു സാമുദായിക നിറം ഇതിന് ഒരിക്കലും കൊടുക്കാൻ പാടില്ല. ശക്തമായ വകുപ്പുകൾ ഇപ്പോൾതന്നെ നമ്മുടെ ആക്ടുകളിലുണ്ട്. അത് ഫലപ്രദമായി ഉപയോഗിക്കുകയും നമ്മുടെ പോലീസും നിയമനിർവ്വഹണ സംവിധാനവും ശക്തമായി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടുമാത്രമേ ഇതിനെ നേരിടാൻ നമുക്ക് സാധിക്കുകയുള്ളു. യഥാർത്ഥ പോലീസും നിയമനിർവ്വഹണ സംവിധാനവും അവരുടെ ജോലി യഥാവിധി നിർവ്വഹിക്കാൻ തുടങ്ങിയാൽ ഇതൊക്കെ കുറഞ്ഞുകിട്ടും. ഇത്തരം സദാചാര പ്രശ്നങ്ങളെക്കുറിച്ച് പറയുമ്പോൾ ഇതൊക്കെ പണ്ടുമുതലേയുള്ളതാണ്. നേരത്തെ ചെയർ പറഞ്ഞതുപോലെ ഇതൊക്കെ പുതിയ സംഭവവികാസങ്ങളല്ല. ഇപ്പോൾ ഇത് കുറച്ച് കൂടിവന്നിട്ടുണ്ട്. സദാചാരമെന്നതുകൊണ്ട് ഒരു സ്ത്രീപുരുഷ ബന്ധം, സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചുപോകുന്നത് മാത്രമായിട്ട് ചുരുക്കിക്കാണാൻ പറ്റില്ല. എല്ലാ വിഷയങ്ങളിലും ഇതുപോലുള്ള ആക്രമണം പെരുകിവരികയാണ്. ആ ആക്രമണോത്സുഹത നമ്മുടെ സമൂഹത്തിൽ

ഇന്ന് ഇല്ലാതാക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത്. അതുപോലെതന്നെ ശക്ത മായിട്ടുള്ള ബോധവൽക്കരണം വേണം. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. എ കെ. ബാലൻ സംസാരിച്ചപ്പോൾ ഇതിൽ മുസ്ലീം ലീഗിനെയൊക്കെ ബന്ധപ്പെടുത്തി പറഞ്ഞു. ഏത് സംഗതി വന്നാലും മുസ്ലീം ലീഗിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരു ശ്രമം നടത്തുന്നത് ശരിയായ നടപടിയല്ല. ആക്ര മിക്കുന്നവരുടെ കൂട്ടത്തിലും ആക്രമിക്കപ്പെടുന്ന ഇരകളുടെ കൂട്ടത്തിലും എല്ലാ സമുദായക്കാരുമുണ്ട്. ശ്രീ. എ. കെ. ബാലൻ തന്നെ പറഞ്ഞ സംഗ തികളിൽ ആക്രമിച്ചതും മുസ്ലീങ്ങളാണ്, പേരുകൊണ്ട് മുസ്ലീങ്ങളാണ്, ആക്രമിക്കപ്പെട്ടവരും മുസ്ലീങ്ങളാണ്. അപ്പോൾ ആരാണ് മുസ്ലീം, ആരാണ് ഇസ്ലാം, ആരാണ് ലീഗ് എന്നൊക്കെ ഇങ്ങനെ ഓരോ സംഭവം വരുമ്പോൾ തീരുമാനിക്കുന്നത് ശരിയാണോ? ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇവിടെ മുസ്ലീം ലീഗിന് സൗജന്യമായിട്ട് ഒരു ഉപദേശം തന്നു. നല്ല കാര ്യം. മുസ്ലീം ലീഗ് അപകടമൊന്നും വരാതെ വളരെ ശ്രദ്ധിക്കണം. നിങ്ങ ളാണ് ഈ തീവ്രവാദികളെ സംരക്ഷിക്കുന്നത് എന്ന് തോന്നരുത്. ഞാൻ ആ ഉപദേശം ശ്രീ. എ. കെ. ബാലന് തിരിച്ചുകൊടുക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടി വളരെ ശ്രദ്ധിക്കണം. അവരുടെ ചിറകിൻകീഴിലാണ് എല്ലാ ഗുണ്ടകളും ക്വട്ടേഷൻ സംഘങ്ങളും സംരക്ഷിക്കപ്പെടുന്നത് എന്ന തോന്നൽ ഒരിക്കലും ഉണ്ടാകാൻ പാടില്ല. ഇതുപോലുള്ള സംഭവങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. വ്യഭിചാരമാണ് ഏറ്റവും പഴക്കം ചെന്ന തൊഴിൽ. അതുകൊണ്ട് മനുഷ്യനുണ്ടായ കാലം തൊട്ട് ഇങ്ങനെ ഉണ്ടായിട്ടുണ്ട്.

പക്ഷേ അതിനെ ശക്തമായി നേരിടാനുള്ള സംവിധാനങ്ങളുണ്ടായപ്പോഴൊക്കെ കുറഞ്ഞിട്ടുണ്ട്. ഇവിടെയിപ്പോൾ രണ്ടാമത്തെ മികച്ച പടമായി തെരഞ്ഞെടുക്കപ്പെട്ട 'ഇവൻ മേഘരൂപൻ' എന്ന സിനിമ നമ്മളെല്ലാം കണ്ടതാണ്. ആ സിനിമ കുഞ്ഞിരാമൻ നായരുടെ പേരിലാണ്. ആ സിനിമയിൽ നടക്കുന്ന സംഭവങ്ങളൊക്കെ നടന്നത് സദാചാര പോലീസുള്ള കാലത്താണെങ്കിൽ ആ മൂപ്പർക്ക് എല്ലാ ദിവസവും അടികൊള്ളുമെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. വാസ്തവത്തിൽ കുഞ്ഞിരാമൻ നായർക്ക് പോലും അപമാനകരമായ രീതിയിലാണ് അത് ചിത്രീകരിച്ചിരിക്കുന്നത്. അത് കണ്ടാൽ ഒരു ചെറുപ്പക്കാരന് എന്താണ് തോന്നുക? ഈ വക സംഗതികളെക്കുറിച്ച് എന്താണ് തോന്നുക?

<u>മി. സ്പീക്കർ</u> : അവാർഡും കിട്ടിയിട്ടുണ്ട്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : ഇതുപോലുള്ള പല സംഗതികളും പണ്ട് മുതലേയുണ്ട്. അത് ഈ സദാചാര വിഷയം പറഞ്ഞ്.............. ഇപ്പോൾ ഫസൽ വധക്കേസിലും മറ്റും വന്ന റിപ്പോർട്ടിൽ ഞങ്ങൾ കണ്ടു. സി.ബി.ഐ. പറഞ്ഞിട്ടുള്ളത് ഇവർ സംരക്ഷിക്കപ്പെടുന്നുവെന്നാണ്. അതൊന്നും ശരിയായ നടപടിക്രമങ്ങളല്ല. ശ്രീ. എ.കെ. ബാലനെപ്പോലുള്ളവരും അവരുടെ പാർട്ടിയുമൊക്കെ വളരെ ശ്രദ്ധിക്കേണ്ട സംഗതികളാണത്. ഈ സദാചാര സങ്കൽപ്പം ഓരോ കാലഘട്ടത്തിലും വ്യത്യാസമുണ്ടായിട്ടുണ്ട്. ഇപ്പോൾ കമ്മ്യൂണിസ്റ്റുകാരന്റെ സദാചാര സങ്കൽപ്പമല്ല ഞങ്ങൾക്കുള്ളത്. അതുപോലെ വേറെ മതസ്ഥർക്കുള്ളത്. സദാചാര

സങ്കൽപ്പത്തിന് വ്യത്യാസമുണ്ട്. എല്ലാ സദാചാര സങ്കൽപ്പത്തെക്കുറിച്ചും ഒരു പരിശോധന നടത്തിയാൽ ഓരോരുത്തർക്കും ഇതിനെക്കുറിച്ച് പറയാൻ എന്തുമാത്രം അവകാശമുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇവിടെ സ്ത്രീകളും കുട്ടികളുമൊക്കെ പീഡിപ്പിക്കപ്പെടുന്നുണ്ടെന്ന് നമുക്കറിയാം. അവനവന്റെ പിതാവിൽനിന്നും പീഡിപ്പിക്കപ്പെടുന്നു. അച്ഛൻ മകളെ പീഡിപ്പിക്കുന്നു. അമ്മ ബുദ്ധിമുട്ടിക്കുന്നു. ട്രെയിനിൽ ബുദ്ധിമുട്ടിക്കുന്നു. നടുറോഡിൽ നടക്കാൻ പാടില്ല. ഇങ്ങനെ ഒരു സാഹചര്യം വന്നാൽ ഇതിനെ നമ്മൾ ഗൗരവമായി കാണണം. ഞങ്ങൾ, മുസ്ലീംലീഗ് എല്ലാ ആക്രമണങ്ങൾക്കും എതിരാണ്. രാഷ്ട്രീയമായാലും മതപരമായാലും ഏത് കാരണത്താലായാലും എല്ലാ അപകടങ്ങളും എല്ലാ ആക്രമണങ്ങളും ആപൽക്കരമാണ്. അത് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നമ്മളെല്ലാം മുൻകൈ എടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

Mr. Speaker : Thank you, Shri. K. N. A. Khader.

ശ്രീമതി ജമീലാ പ്രകാശം: സർ, സദാചാരത്തിന്റെ പേരും പറഞ്ഞ് കണ്ണിൽപ്പെടുന്നവരെയെല്ലാം എന്തു വേണമെങ്കിലും എവിടെ വച്ചായാലും എങ്ങനെ വേണമെങ്കിലും എപ്പോൾ വേണമെങ്കിലും ചെയ്തുകളയാം എന്ന തെമ്മാടിത്തവുമായി ഇറങ്ങിയിരിക്കുന്ന സാമൂഹ്യവിരുദ്ധൻമാരുടെ ഒരു കൂട്ടായ്മയാണ് സദാചാര പോലീസ് എന്ന പേരു സ്വീകരിച്ച് ഇവിടെ വിലസുന്നത്. വിദ്യാഭ്യാസം, തൊഴിൽ, മറ്റു വ്യക്തിപരമായ ആവശ്യങ്ങൾ ഇവ കാരണമാണ് സ്ത്രീപുരുഷൻമാർക്ക് വീടിനുപുറത്തിറങ്ങി കൂട്ടുകാരോ അകമ്പടിയോ ഒന്നുംകൂടാതെ സഞ്ചരിക്കേണ്ടി വരുന്നത്. ഇങ്ങനെയുള്ളവരെ നിസ്സഹായരും നിരായുധരുമാക്കി കൈയിൽ കിട്ടുന്ന അവസരങ്ങളിലാണ് സദാചാര പോലീസ് കർമ്മനിരതരാകുന്നത്. സ്ത്രീയും പുരുഷനും തമ്മിൽ ഒരു പൊതുസ്ഥലത്തുവച്ച് സംസാരിക്കുന്നതോ ഒരുമിച്ച് ഭക്ഷണം കഴിക്കുന്നതോ പരിപാടികളിൽ പങ്കെടുക്കുന്നതോ അവരവർക്ക് ഇഷ്ടമുള്ള വസ്ത്രധാരണം നടത്തുന്നതോ ഒക്കെയാണ് സദാചാര പോലീസിന്റെ കണ്ണിലെ കൊടും അപരാധങ്ങൾ. ഇത്തരത്തിൽ നിയമം തോന്നിയപോലെ കൈയിലെടുക്കാൻ ശ്രമിക്കുന്നത് അടിയന്തിരമായി അമർച്ച ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഏറ്റവും കൂടുതൽ ഉപദ്രവിക്കപ്പെടുന്നത് സ്ത്രീകളായിരിക്കും. ഉയർന്ന വിദ്യാഭ്യാസവും പദവിയുമുള്ള സ്ത്രീകൾക്ക് മാത്രമല്ല തികച്ചും സാധാരണക്കാരായ പതിനായിരക്കണക്കിന് സ്ത്രീകൾക്ക് ദിവസവും നമ്മുടെ സംസ്ഥാനത്തുടനീളം വീടിന് പുറത്തിറങ്ങി സഞ്ചരിക്കേണ്ടി വരുന്നുണ്ട്. പൗരാണിക കാലത്ത് ചില

വിഭാഗങ്ങൾ കൈയാളിയിരുന്ന സവർണ്ണ സമ്പന്ന ലൈംഗിക മേൽക്കോയ്മയുടെ ഒരു ഫാന്റസിയിലാണ് ഈ അക്രമികൾ ഇപ്പോൾ പെട്ടുപോയിരിക്കുന്നത്. സ്വന്തം കാലിൽ നിൽക്കുവാനുള്ള അതിയായ ആഗ്രഹത്തോടെയും ഇച്ഛാശക്തിയോടുംകൂടി കഠിനമായി അധ്വാനിച്ചു ജീവിക്കാൻ തീരുമാനിച്ചിരിക്കുന്ന സ്ത്രീകളെ ഉമ്മാക്കി കാണിച്ചും ഉപദ്ര വിച്ചും പിന്നാമ്പുറത്തേയ്ക്ക് വീണ്ടും ആട്ടിപ്പായിക്കാനുള്ള ഒരു ഹീന മായ ശ്രമമാണ് നടക്കുന്നത്. സ്ത്രീപുരുഷ സമത്വവും സ്വാതന്ത്ര്യവും തുല്യപദവിയും മതേതരത്വവും ഉയർത്തിപ്പിടിക്കുന്നതാണ് നമ്മുടെ ഭരണ ഘടന. പ്രത്യേകിച്ചും സ്ത്രീകളുടെ സ്വാഭിമാനത്തേയും പുരോഗതി യേയും സ്വാശ്രയത്വത്തേയും ചോദ്യം ചെയ്യുന്ന ഇത്തരം അക്രമങ്ങൾ ചെയ്യുന്നവരെ അവർ ആരായിരുന്നാലും ശരി പൂർണ്ണമായി അമർച്ച ചെയ്യുവാൻ ഇനിയൊട്ടും കാലതാമസം പാടില്ല. നിയമം കൈയിലെടു ക്കാൻ തങ്ങൾക്ക് അധികാരമുണ്ടെന്നുള്ള അവകാശവാദത്തിൽ നിന്നും സദാചാര പോലീസിനെ തുരത്തി മാറ്റിയേ മതിയാകൂ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി ജമീലാ പ്രകാശം: സർ, ഒരു പോയിന്റ് കൂടി. ഇവർ മാത്ര മല്ല, പല അവസരങ്ങളിലും പല മാധ്യമങ്ങളും ഇവിടെ സദാചാര പോലീസ് ചമയാറുണ്ട്. ചില പ്രത്യേക വിഭാഗങ്ങളിൽപ്പെടുന്നവരെ ലക്ഷ്യ മാക്കി അവസരം കിട്ടുമ്പോഴെല്ലാം സദാചാരമെടുത്ത് പ്രയോഗിക്കുന്ന പ്രവണത മാധ്യമ സദാചാരമായും ഇവിടെ പ്രസക്തമാകുന്നുണ്ട്. ഇത്തര

ത്തിലുള്ള എല്ലാ പ്രവണതകളെയും പൂർണ്ണമായി എതിർക്കാനും ഇതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കാനുമുള്ള നടപടികളെടുക്കുന്നത് ഇനിയും താമസിക്കാൻ പാടില്ല. അല്ലെങ്കിൽ അത് ഈ സഭയ്ക്ക് മൊത്തത്തിൽതന്നെ ലജ്ജാകരമായ കാര്യമാണ്, ഈ കേരളത്തിൽ ജീവിക്കുവാൻ നമ്മളാരും അർഹരല്ല.

ശ്രീ. പി. സി. ജോർജ്: സർ, സദാചാര പോലീസിന്റെ, റൗഡിസംഘത്തിന്റെ പ്രവർത്തനങ്ങൾക്കെതിരെയുള്ള ഈ സഭയുടെ വികാരത്തോട് ഞാൻ യോജിക്കുകയാണ്. സദാചാര പോലീസ് എന്നുപറഞ്ഞ് ഇവിടെ ഇറങ്ങിയിരിക്കുന്ന റൗഡിസംഘം ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെയോ മതവിഭാഗത്തിന്റെയോ ആളാണെന്ന് ആരോപിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ, കർണ്ണാടകയിലെ മംഗലാപുരത്തുള്ള ശ്രീരാമസേനയുടെ യഥാർത്ഥ മറുപതിപ്പാണ് കേരളത്തിലെ ഈ റൗഡിസംഘങ്ങൾ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ മാഫിയാ സംസ്കാരം എവിടെയുണ്ടായി? ഇറ്റലിയിലാണ് ആദ്യമായി മാഫിയാ പ്രവർത്തനം തുടങ്ങിയത്.

മി. സ്പീക്കർ: മൂന്നു മിനിട്ടേയുള്ളൂ. അങ്ങ് ഇറ്റലിയിലേയ്ക്ക് പോയതുകൊണ്ടാണ്.

ശ്രീ. പി. സി. ജോർജ്: സർ, മൂന്നുമിനിട്ടേയുള്ളൂ എന്ന് എനിക്കറിയാം. ഈ മാഫിയാ പ്രവർത്തനം നടന്നപ്പോൾ ആ നാട്ടിലെ ഗവൺമെന്റ്....... ഇറ്റലിയിലെ മാഫിയാ പ്രവർത്തനത്തിന് ജനപിന്തുണ കിട്ടി. കാരണമെന്താണ്? നൂറ്റാണ്ടുകളായി നടക്കേണ്ട നീതിപരമായ കാര്യങ്ങൾപോലും നടക്കാതെ വന്നപ്പോൾ, ഈ മാഫിയകൾ ആ കാര്യങ്ങൾ നടപ്പാക്കാൻ മുന്നോട്ടിറങ്ങി എന്നതുകൊണ്ടാണ് അവിടെ ജനപിന്തുണ കിട്ടിയത്. നിയമസംവിധാനം നിലനിൽക്കുന്ന ഈ കേരളത്തിൽ ഇതുപോലെ മാഫിയാ സംസ്ക്കാരവുമായി വന്നാൽ നമുക്കൊരിക്കലും

യോജിക്കാൻ കഴിയില്ല. ഞാനൊരു കാര്യം ചോദിക്കട്ടെ, ദീർഘിപ്പിക്കുകയല്ല. നമുക്കറിയാം, കർണ്ണാടകയിലെ മാഫിയാവൽക്കരണം. ഞാൻ രാഷ്ട്രീയം പറയുകയാണെന്ന് തെറ്റിദ്ധരിക്കരുത്. അവസാനമായി കേരളത്തിൽ......

മി. സ്പീക്കർ: അതിനുള്ള സമയമില്ല.

ശ്രീ. പി. സി. ജോർജ്: സർ, നിറുത്താം. അങ്ങാണ് ഇടപെട്ട് ശല്യം ചെയ്യുന്നത്. ...... (ബഹളം).....

(ശ്രീ. പി. സി. ജോർജിന്റെ പരാമർശത്തിനെതിരെ പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ നിന്ന് എഴുന്നേറ്റ് ബഹളം വച്ചു)

മി. സ്പീക്കർ: ഇല്ല, ഇല്ല, എനിക്ക് പ്രശ്നമൊന്നുമല്ല. പ്ലീസ്... പ്ലീസ്.... Let me say, സഭ നടത്തുന്നതിനിടയിൽ ചിലത് പറയുന്നതൊന്നും ഞാൻ കാര്യമാക്കി എടുക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ സമയം നോക്കിയാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഒരു മിനിട്ട് ഇരുപത്തിയാറ് സെക്കന്റായി. അങ്ങ് ഇടപെടുന്നതുകൊണ്ട് എനിക്ക് സംസാരിക്കാൻ പറ്റുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ഞാൻ ഇടപെടുന്നില്ല. . I withdraw it.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പറയാൻ ആഗ്രഹിച്ചത്, കേരളത്തിലെ ഏറ്റവും അവസാനത്തെ മാഫിയാ സദാചാര പോലീസിന്റെ പ്രവർത്തനം നടന്നത് എവിടെയാണ്? രണ്ടാഴ്ച മുമ്പ് നെടുമങ്ങാടാണ്.

പ്രതിയെ പിടിക്കണമെന്ന് തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ. ബഹുമാനപ്പെട്ട കോലിയക്കോട് എൻ. കൃഷ്ണൻ നായർ ഇവിടെ ആവശ്യപ്പെട്ടു. അങ്ങനെ ആവശ്യപ്പെട്ടതനുസരിച്ച് പോലീസ് പിടിച്ചത് ആരെയാണ്? ഭഗത് എന്നു പറയുന്ന ആളെയാണ്. അദ്ദേഹം ഡി.വൈ.എ ഫ്.ഐ.യുടെ സമുന്നതനായ നേതാവാണ്. ആ ഭഗത്തിനെ വിടണമെന്ന് പറഞ്ഞത് വന്നതാരാണ്? ഇപ്പോൾ ഈ സഭയിലിരിക്കുന്ന ഡി.വൈ.എഫ്. ഐ.യുടെ നേതാവാണ്. കേരളത്തിലെ സദാചാര പോലീസിന്റെ പ്രവർത്ത നത്തിൽ ഡി.വൈ.എഫ്.ഐ.യുടെ പ്രവർത്തനമുണ്ടെന്ന വസ്തുത നിഷേ ധിക്കാൻ കഴിയില്ല. നിങ്ങൾ ഏറ്റതുകൊണ്ട് പറയുന്നതാണ്. പക്ഷേ, വേറൊരു കാര്യമുണ്ട്, ഈ സദാചാര പോലീസിനെ നിലയ്ക്ക് നിറുത്താൻ റൗഡിസത്തെകൊണ്ടു നടക്കുന്ന ഏതു മതമാകട്ടെ, ഏതു പാർട്ടിയാകട്ടെ, അവരെ നിലയ്ക്കുനിറുത്താനുള്ള നടപടികളുമായി ഗവൺമെന്റ് പോക ണം. ശക്തമായ നിലപാട് സ്വീകരിക്കുന്ന ഈ ഗവൺമെന്റിനെ ഞാൻ അനുകൂലിക്കുന്നു എന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: .................

മി. സ്പീക്കർ: നോ, നോ, അതിനു സമയമില്ല. ഞാനൊന്ന് പറയട്ടെ. 12.30–ന് തീർക്കേണ്ടതല്ലേ. പ്ലീസ്...... പ്ലീസ്...... ശ്രീ. ശ്രീരാമകൃഷ്ണൻ, പ്ലീസ് സിറ്റ്ഡൗൺ. യെസ്.... യെസ്......

ഇവിടെ ശ്രീ. പി. സി. ജോർജിന്റെ സമയം ഒരു മിനിട്ട് ബാക്കി നിൽക്കേ  ഒന്ന് കൺക്ലൂഡ് ചെയ്യണമെന്നത് സാധാരണഗതിയിൽ ചെയർ

പറയുന്ന വാചകമാണ്. അത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ കമന്റിനെ ഞാൻ കാര്യമായി എടുക്കുന്നില്ല. യെസ്, ശ്രീ. എ. പ്രദീപ് കുമാർ, അങ്ങേയ്ക്ക് എട്ട് മിനിട്ട്. നോ, ശ്രീ. പി. സി. ജോർജ്, അതൊന്നും ശരിയല്ല, ഇത് ശരിയല്ല. പ്ലീസ് കൺക്ലൂഡ് എന്ന് പറയുന്നത് ഏത് ചെയറിൽ നിന്നും പറയുന്നതാണ്. ഞാൻ കഴിഞ്ഞ 26 വർഷമായി കേട്ടിട്ടുള്ളതാണ്. പ്ലീസ് കൺക്ലൂഡ് എന്നു പറയും. അങ്ങനെയാണത്. പക്ഷേ, അതിനിടയിൽ അങ്ങ് ഇടപെട്ടു പറഞ്ഞ കമന്റ് ശരിയായില്ല. യെസ്.... യെസ്......

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഈ ചർച്ചയിൽ ഉയർന്നു വന്ന പൊതുവായ വികാരത്തോട് ഞാൻ യോജിക്കുന്നു. സദാചാര പോലീസ് എന്ന് പ്രയോഗിക്കുന്നതിനുപകരം സദാചാര ഗുണ്ടായിസം എന്ന് പ്രയോഗിക്കണമെന്നാണ് പറയാനുള്ളത്. ........ദുരാചാരമാണ്, സദാചാരത്തിന്റെ പേരിലുള്ള ഗുണ്ടായിസമാണ്. സദാചാര പോലീസ് എന്ന പേര് കൊടുത്തതും അങ്ങനെയുള്ള പ്രചാരണം കൊടുത്തതും മാധ്യമങ്ങളാണെന്നു തോന്നുന്നു അവരുൾപ്പെടെ അത് തിരുത്തേണ്ടതാണ്. ഇവിടെ ഒരു പ്രധാനപ്പെട്ട പ്രശ്നം ഇതിനകത്ത് വന്നിരിക്കുന്നത്, ഒരു പരിഷ്ക്കൃത സമൂഹത്തിന് നിരക്കാവുന്ന നിലയിൽ സ്ത്രീപുരുഷ ബന്ധങ്ങളെ വിശാലമായി കാണാൻ കഴിയാത്ത സങ്കുചിതത്വം നമ്മുടെ സമൂഹത്തിൽ പൊതുവെ വന്നതിന്റെ പ്രതിഫലനം കൂടിയാണിത്.. ആ സാധ്യതയാണ് മതതീവ്രവാദികൾ ഇന്നുപയോഗപ്പെടുത്തുന്നത്. ഏത് തീവ്രവാദത്തിന്റെ പേരിലാണെങ്കിലും അത് എന്തുകൊണ്ട് വന്നു എന്നുള്ളതാണ്. ഒരു സ്ത്രീയും പുരുഷനും സംസാരിച്ചാൽ, ഒന്നിച്ചിരുന്നാൽ, കാപ്പികുടിച്ചാൽ, പരസ്പരം നോക്കിയാൽ എന്തോ അത്യാപത്തു വരുന്നു എന്നൊരു ചിന്ത, ആ ചിന്തയ്ക്ക് ഊർജ്ജം പകരുന്നത് ആരാണ്? ഇവിടെ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം സദാചാര സങ്കല്പങ്ങളുണ്ടെന്നൊക്കെ പറഞ്ഞ് അതിന്റെ ഉള്ളിലൂടെ ചില കാര്യങ്ങളെ ന്യായീകരിക്കാൻ ശ്രമിച്ച ആളുകളൊക്കെ, ഇതിന് ഊർജ്ജം പകരുന്നത് ആരാണെന്ന ആത്മപരിശോധന നടത്തേണ്ടതാണ്. സമ്പന്നമായ ഒരു നവോത്ഥാന പാരമ്പര്യമുള്ള കേരള

ത്തിൽ, നമ്മുടെ സാമൂഹ്യജീവിതത്തിൽ നിന്നും ആ നവോത്ഥാന മൂല്യ ങ്ങളെ കൈയൊഴിയാൻ എപ്പോഴാണോ തുടങ്ങിയത് അപ്പോഴാണ് ഈ പറഞ്ഞ തീവ്രവാദികൾക്കും ദുഷ്ടശക്തികൾക്കും സദാചാരത്തിന്റെ പേരിൽ ഗുണ്ടായിസം കാണിക്കുന്ന ആളുകൾക്കും ഊർജ്ജം സംഭരിക്കാ നായത്. ആ വസ്തുത കണ്ടുകൊണ്ട് സദാചാര പോലീസ് അല്ലെങ്കിൽ ഗുണ്ടായിസമെന്നു പറയുന്ന പുതിയ പ്രതിഭാസത്തിന്റെ ആവിർഭാവത്തെ ക്കുറിച്ച് പഠിക്കാൻ, അത്തരമൊരു പശ്ചാത്തലം ഈ സമൂഹത്തിൽ ഒരു ങ്ങിയതിനെക്കുറിച്ച് പഠിക്കാൻ ഗവൺമെന്റുതന്നെ തീരുമാനിച്ച്, അതി നുള്ള വിദഗ്ദ്ധൻമാരെ, സാമൂഹ്യശാസ്ത്രജ്ഞൻമാരുൾപ്പെടെയുള്ള ആളു കളടങ്ങുന്ന ഒരു സമിതിയെ നിയോഗിക്കണം. എന്തുകൊണ്ടാണ് നമ്മുടെ സമൂഹത്തിൽ ഇത്തരത്തിലുള്ള അനഭലഷണീയമായ ഒരു മാറ്റമുണ്ടാകു ന്നത് എന്നുള്ളത് പഠിക്കണം. വലിയ നവോത്ഥാന പാരമ്പര്യമുള്ള കേരള ത്തിന് ഒരിക്കലും അഭിമാനിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ ഇവിടെ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മിശ്രവിവാഹം നടന്നാൽ അത് പഞ്ചാ യത്തിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ല. പഞ്ചായത്തിൽ മിശ്രവിവാഹം കഴിഞ്ഞ് ചെന്നു നോക്കൂ, രജിസ്റ്റർ ചെയ്ത് കിട്ടില്ല. ജാതി മാറിയും മതം മാറിയുമുള്ള വിവാഹം ഔദ്യോഗികമായി സമ്മതിക്കുന്നില്ല. എന്നു പറ ഞ്ഞാൽ ഔദ്യോഗികമായിത്തന്നെ നിലവിലുള്ള ഈ പ്രാകൃത ബോധത്തിന്, ചിന്താഗതിക്ക് ഭരണകൂടത്തിലെ എല്ലാ തലത്തിലും സ്വാധീ നമുണ്ട്. ഞാൻ പറയുന്നത് ഇപ്പോഴുള്ള ഗവൺമെന്റിന്റെ പ്രശ്നം മാത്രമ

ല്ല. ഇത്രയും വലിയ പാരമ്പര്യമുള്ള കേരളത്തിൽ ഈയൊരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞില്ല എന്നുള്ളത് നമുക്ക് അപമാനമാണ്. ഈ പ്രശ്നം ചർച്ച ചെയ്യാനിടയായിട്ടുള്ള ഈ സാഹചര്യത്തിലെങ്കിലും ഇതിന്റെ സ്പിരിറ്റുൾക്കൊണ്ടുകൊണ്ട് ഈ കാര്യത്തിനകത്ത് ഒരു മാറ്റമുണ്ടാക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോയെന്ന് പറയണം. അതിനകത്ത് ഒരു ഉത്തരവിറക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്ന് പറയണം. സാധാരണ മറ്റേതു വിവാഹവും രജിസ്റ്റർ ചെയ്യുന്നതുപോലെ മിശ്രവിവാഹിതരുടെ വിവാഹം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു കൊടുക്കാനുള്ള തീരുമാനം ഇതിന്റെ ഭാഗമായി ഉണ്ടാകണം. അതുകൊണ്ട് ഈ  പ്രശ്നം ഇല്ലാതാകുന്നു എന്നല്ല. അതൊക്കെ ഒരു സന്ദേശം നൽകും. അതിനോട് അസഹിഷ്ണുതയുള്ള ആളുകൾ പലപ്പോഴും പല നിലയിലുണ്ടായേക്കാം. അതുപോലെതന്നെ ഇക്കാര്യത്തിൽ മറ്റു സംഭവങ്ങളുടെ പട്ടികയൊന്നും ഞാൻ നിരത്തുന്നില്ല. ഒരുപാട് അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ എ. കെ. ബാലൻ അവതരിപ്പിക്കുമ്പോഴും മറ്റു മെമ്പർമാർ അവതരിപ്പിച്ചപ്പോഴും വസ്തുതകളൊക്കെ വന്നിട്ടുണ്ട്. ഇവിടെ ഇതിനെ രണ്ടുതരത്തിൽ, ഒന്ന്, സാമൂഹ്യമായ ബോധവൽക്കരണം വഴി ഈ മനോഭാവത്തിൽ മാറ്റമുണ്ടാക്കണം. അതോടൊപ്പം ശക്തമായിട്ടുള്ള നിയമനടപടികളുണ്ടാകണം.  ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ശ്രദ്ധിക്കേണ്ട ഒരുകാര്യം, ഇവിടെ നടപടി എടുക്കേണ്ട പോലീസ് തന്നെ. ഈ സദാചാര ഗുണ്ടായിസം അല്ലെങ്കിൽ ദുരാചാര ഗുണ്ടായിസം കാണിക്കുന്നു.

പോലീസുകാരെ മൊത്തത്തിലല്ല പറഞ്ഞത്. കഴിഞ്ഞ ദിവസം മ്യൂസിയം പോലീസിനെക്കുറിച്ച് ആക്ഷേപമുണ്ടായി. മ്യൂസിയത്തിന്റെ പരിസര ത്തൊക്കെ കൗമാരക്കാരായ കുട്ടികൾ വർത്തമാനം പറഞ്ഞ് നടക്കു മ്പോൾ അവർ എന്തെങ്കിലും അനഭിലഷണീയമായ രീതിയിൽ പോകുന്നു ണ്ടെങ്കിൽ സ്നേഹപൂർവ്വം നമ്മുടെ മക്കളാണെന്ന് രീതിയിൽ അവരെ പറഞ്ഞ് ഉപദേശിക്കുകയോ അല്ലെങ്കിൽ അവരെ പറഞ്ഞുവിടുകയോ ചെയ്യുന്നതിനുപകരം അവരെ പിടിച്ചുകൊണ്ടുപോയി സ്റ്റേഷനിൽ വച്ച് വളരെ അശ്ലീലച്ചുവയോടെ ചോദ്യം ചെയ്യുകയാണ്. ഒരു നീലച്ചിത്രം കാണുന്നവന്റെ വികൃതമനസ്സോടെ ഈ കുട്ടികളെ ചോദ്യം ചെയ്ത് പോലീസുകാർ ആസ്വദിക്കുകയാണ്. ഇതിനെക്കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. അവരെ വല്ലാതെ പീഡിപ്പിക്കുന്നു എന്ന ആക്ഷേപങ്ങൾ തന്നെ ഉണ്ടയിട്ടുണ്ട്. വേലിതന്നെ വിളവ് തിന്നുന്നു എന്നുള്ളതാണ് ഇവിടെ കാണുന്നത്. അതുപോലെ പോലീസുതന്നെ സൃഷ്ടിക്കുന്ന സദാ ചാര പ്രശ്നങ്ങളുമുണ്ട്. ഇതുമായി ഏതാണ്ട് ബന്ധപ്പെട്ടതാണ്, അതു കൊണ്ട് ഇക്കൂട്ടത്തിൽ അതും പറയുകയാണ്. കോഴിക്കോട് ജില്ലാ പഞ്ചാ യത്ത് മെമ്പറായ അനിത കഴിഞ്ഞ ദിവസം വടകര ബസ്സ്റ്റാന്റിൽ ബസിൽ കയറാൻ പോകുമ്പോൾ ഒരു പോലീസുകാരൻ വന്നു സംസാരി ച്ചു. അപ്പോൾ അവർ ജില്ലാ പഞ്ചായത്ത് മെമ്പറാണെന്ന് പറഞ്ഞു. പിന്നീട് അദ്ദേഹം പറഞ്ഞ ചില കമന്റുകളുണ്ട് അത് ഞാനിവിടെ പറയുന്നില്ല. അതിനുശേഷം ഇവരോടൊപ്പം അദ്ദേഹവും ബസ്സിൽകയറുകയും സഞ്ചരി

ക്കുകയും ചെയ്യുന്നു. ഒരു സ്റ്റോപ്പിലെത്തിയപ്പോൾ നിങ്ങൾ ഇവിടെ ഇറങ്ങുന്നില്ലേ എന്നു ചോദിച്ചപ്പോൾ എന്റെ സ്റ്റോപ്പ് എത്തുമ്പോൾ ഞാൻ ഇറങ്ങിക്കോളാം എന്ന് അവർ മറുപടി പറയുന്നു. അതിനുശേഷം ഒരു ഫോൺ നമ്പർ എഴുതി അവരുടെ മടിയിൽ ഇട്ടുകൊടുത്തിട്ട് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിച്ചുകൊള്ളാൻ പറഞ്ഞുകൊണ്ട് ആ പോലീസുകാരൻ ഇറങ്ങിപ്പോകുകയാണ്. അയാൾ വേറെ പേരാണ് കൊടുത്തത്. പിന്നീട് നമ്മുടെ ബഹുമാനപ്പെട്ട എം.എൽ.എ. കെ.കെ. ലതിക ഉൾപ്പെടെയുള്ളവർ അയാളെ വിളിച്ചു. അയാൾ ഇലത്തൂർ സ്റ്റേഷനിലെ കിഷോർ എന്നുപറയുന്ന ഒരു പോലീസുകാരനാണ്. അപ്പോൾ പോലീസുകാർക്കുപോലും ഇതുപോലുള്ള പല ഇടപെടലുകളും പ്രവണതകളും വരികയാണ്. അവർ പരാതി കൊടുത്തിട്ടുണ്ട്. അങ്ങ് ശ്രദ്ധിക്കണം, ആവശ്യമായിട്ടുള്ള നടപടികൾ ആ കാര്യത്തിൽ എടുക്കണം. കഴിഞ്ഞ ദിവസം വടക്കാഞ്ചേരിയിൽ നിന്ന് വാവുബലി കഴിഞ്ഞ് വരുന്ന ഒരു സ്ത്രീയെ ബസ്സിൽവച്ച് അപമാനിച്ചു. ആ വാർത്ത കേട്ട് കേരളം മുഴുവൻ അപമാനിതമായി. ആ സംഭവത്തിൽ ഒരു സി.ഐ. ആണ് പ്രതി എന്നുപറയുന്നു. അദ്ദേഹത്തെ നാട്ടുകാർ പിടികൂടി സ്റ്റേഷനിൽ കൊണ്ടുപോയി കേസ്സെടുത്തു. ഒരു സ്ത്രീയെ അപമാനിച്ച, ഗുരുതരമായ കുറ്റം ചെയ്ത അയാൾ വളരെ ഈസിയായി ഇറങ്ങിപ്പോയി. ഇതിനെയെല്ലാം നിയന്ത്രിക്കാൻ ബാദ്ധ്യസ്ഥരായ പോലീസിലെ ഉന്നതന്മാർ, അവർ പോലീസുകാരൊക്കെയാണെങ്കിൽ അവർക്ക് എന്ത് തോന്ന്യാസം കാണിച്ചാലും

പോകാമെന്നുള്ള സാഹചര്യം ഉണ്ടാകുകയാണ്. പോലീസിന്റെ ഇടപെടൽ എന്നുപറയുമ്പോൾ പ്രശ്നങ്ങളുണ്ടാകുമ്പോൾ മാത്രം അവർ ഇടപെട്ടാൽ പോര. എസ്.ഐ.-മാർക്ക് അവരുടെ സ്റ്റേഷൻ പരിധിയിൽ ഇതുപോലുള്ള അനഭിലഷണീയ പ്രവണതകൾ ഉണ്ടാകുന്നുണ്ടോ എന്നുനോക്കാനുള്ള ഒരു സംവിധാനം ഉണ്ടാകണം, അവർക്ക് നിരന്തരമായിട്ടുള്ള ഒരു ജാഗ്രത, നിദാന്ത ജാഗ്രത ഇതിനകത്ത് ഉണ്ടാകണം, അവരത് ശ്രദ്ധിക്കണം. അതിന് പ്രത്യേകമായിട്ടുള്ള നിർദ്ദേശം അങ്ങ് കൊടുക്കണം. ഈ വിഷയ വുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ യഥാർത്ഥത്തിൽ ഇതുമായി ബന്ധപ്പെടാത്ത പ്രശ്നങ്ങൾ ആണെങ്കിൽപോലും ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. മുരളീധരൻ ഉൾപ്പെടെയുള്ളവർ ചില കാര്യങ്ങൾ പറഞ്ഞു. അത് രാഷ്ട്രീയമായ രീതിയിൽ ഞങ്ങളെയൊന്ന് കുത്തനാണ്. ചുമന്ന മണ്ണിലേയ്ക്ക് സ്വാഗതം, അതൊക്കെ ഒരാവേശത്തിന് വയ്ക്കുന്ന ബോർഡാണ്. അങ്ങനെയാണെങ്കിൽ ഹരിത മണ്ണിലേയ്ക്ക് സ്വാഗതമെ ന്നുള്ള ബോർഡ് അങ്ങ് കൊടുവള്ളിയിൽ മത്സരിച്ച സമയത്ത് ഇഷ്ടംപോലെ കണ്ടിട്ടുണ്ടാവുമല്ലോ. അതൊക്കെ സാധാരണമാണ്. അതി നെയൊക്കെ ഒരു പ്രത്യേക രീതിയിൽ എന്തോ ഒരു ആശയം അടിച്ചേൽപ്പി ക്കാൻ ശ്രമിക്കുന്നു എന്ന നിലയിലേയ്ക്ക് അവതരിപ്പിക്കുന്നത് ഖേദകരമാ ണെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ചില പ്രശ്നങ്ങൾ അങ്ങ് ഉദാഹരണമായി പറഞ്ഞു. ഈ പറഞ്ഞതുപോലെയുള്ള സദാചാര പരമായിട്ടുള്ള ചില ഇടപെടലിനേയും ചില ഗുണ്ടായിസത്തി

നേയുമൊക്കെ ബന്ധപ്പെടുത്തിയുള്ള ചില വധകേസ്സുകളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. അങ്ങനെ പറയുമ്പോൾ അങ്ങയുടെ തൊട്ടടുത്ത് ഈ സഭയ്ക്കകത്തുതന്നെയുള്ള ഇരട്ടക്കൊലപാതക കേസ്സിലെ പ്രതിയുണ്ട്. അങ്ങനെയുള്ള ഒരുപാട് സംഭവങ്ങളുണ്ട്. നാൽപ്പാടി വാസു വധക്കേസ്. ഇതുമൊക്കെ ചർച്ച ചെയ്യണ്ടേ? ........ഇതുപോലുള്ള വിഷയത്തിൽ ബാലൻസ് ചെയ്ത് പറയണം. സ്വന്തം പാർട്ടിയിലെതന്നെ എതിരാളിയുടെ ഉടുമുണ്ട് ഉരിയാൻ ആളെ വിടുന്നതൊക്കെ അത് ഏത് സദാചാരത്തിന്റെ പേരിലാണ് പറയുന്നത്? ഇവിടെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഡി. വൈ.എഫ്.ഐ.-ക്കാരെക്കുറിച്ച് എന്തോ പറഞ്ഞു. യഥാർത്ഥത്തിൽ ആർ.എസ്.എസ്.-കാർ യഥാർത്ഥ പ്രതികളെ പിടിക്കാൻവേണ്ടി ഡി.വൈ. എഫ്.ഐ.-ക്കാരുടെ പിന്നാലെ പോയപ്പോൾ..........

<u>മി. സ്പീക്കർ</u> : പ്ലീസ്......പ്ലീസ്...... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, കഴിഞ്ഞു. ഈ ഗുണ്ടായിസത്തിന് സദാചാര പോലീസെന്നാണ് പേരെങ്കിൽ ആ സദാചാര പോലീസിന്റെ ഡി.ജി.പി. ആകാൻ അർഹനാണ് ഈ പറഞ്ഞ ചീഫ് വിപ്പ്. ആ സദാചാര പോലീസിന്റെ ഡി.ജി.പി. ആണ്. എന്തുകൊണ്ട് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. ഓഫീസിൽ അവിടെ സാധാരണ പോലീസ് കൈകാര്യം ചെയ്യേണ്ട പ്രശ്നം അദ്ദേഹം അവിടെപ്പോയി അവിടെയുള്ള ഉദ്യോഗസ്ഥന്മാരെ അധിക്ഷേപിച്ച്........... (മൈക്ക് ഓഫ്).

മി. സ്പീക്കർ : യെസ്... പ്ലീസ്.....ശ്രീ. പ്രദീപ് കുമാർ. പന്ത്രണ്ടര മണിക്ക് സഭ നിറുത്തേണ്ടതാണ്. ....പ്ലീസ്....ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെയുള്ളതിൽ ഏറ്റവും നല്ലൊരു വശമായി ഞാൻ കാണുന്നത് ഈ സഭയുടെ ഇരുവശങ്ങളിലുമുള്ള ആളുകൾ ഈ നടപടിയോട് പൂർണ്ണമായും വിയോജിക്കുന്നു എന്നുള്ളതാണ്. വ്യത്യസ്തമായ രൂപത്തിലുള്ള സമീപനങ്ങൾ എടുത്തുകൊണ്ടാണ് വിയോജിക്കുന്നതെങ്കിലും അവസാനത്തെ പോയിന്റ് കറക്ടാണ്, പൂർണ്ണമായും വിയോജിക്കുന്നു. ഒന്ന്, ശ്രീരാമസേനയും താലിബാൻ മോഡലും നമുക്ക് ഇന്ത്യൻ ജനാധിപത്യത്തിന് യോജിച്ചതല്ല. അതുകൊണ്ട് ഗവൺമെന്റ് യാതൊരു കാരണവശാലും വിട്ടുവീഴ്ചയില്ലാത്ത സമീപനം എടുക്കുകയും ചെയ്യും. സദാചാര പോലീസ് എന്നുപറഞ്ഞു, ഞാൻ അതിന്റെ ഗ്രാമറിലേയ്ക്കല്ല നോക്കുന്നത്. ഇത് തനി ഗുണ്ടായിസമാണ്. സ്വയം തീരുമാനിക്കുന്ന കുറെ ആളുകൾ അവർക്ക് ഇഷ്ടമില്ലാത്ത ചില നടപടികൾക്കെതിരെ ക്രിമിനൽ ആക്ടിവിറ്റി നടത്തുന്നു. ആ ക്രിമിനൽ ആക്ടിവിറ്റിക്ക് ഒരു കവറേജ് കൊടുക്കാൻവേണ്ടി അവർതന്നെ ഒരു പേര് കൊടുക്കുന്നു. ആ ഓമനപ്പേരുതന്നെ നമ്മൾ വിളിക്കുന്നത് എന്തിനാണ്? അതുകൊണ്ട് അത് അവരുടെ വഴിക്ക് പോകട്ടെ. നിയമം കയ്യിലെടുക്കുന്ന ഒരു ഗുണ്ടാവിളയാട്ടം നടത്തുന്ന ആളുകളെ ക്രിമിനലുകളായി തന്നെ നമുക്ക് കാണേണ്ടി വരും. ഈ ചർച്ചയ്ക്കിടയിൽ ഇവിടെ പറഞ്ഞ രണ്ടു കാര്യങ്ങൾ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടതുകൊണ്ട് എനിക്ക് പറയാതിരിക്കാൻ പറ്റുകയില്ല. നേരത്തെ കവടിയാറിൽ നിന്ന് ഒരു യുവാവിനെ

തട്ടിക്കൊണ്ടുപോയതിനെക്കുറിച്ച് ശ്രീ. കെ. മുരളീധരൻ പറഞ്ഞു. ആ കേസ്സിലെ രണ്ടു പ്രതികളെയും പിടിച്ചു. രണ്ട് ആളുകളും കസ്റ്റഡിയിലാണ്. ആ വിവരം പത്രത്തിൽ വന്നതുകൊണ്ട് ഞാൻ ആളുകളുടെ പേര് പറയുന്നില്ല. നേരത്തെ ഇവിടെ ഒരു സർക്കിൾ ഇൻസ്പെക്ടറെക്കുറിച്ച് പറഞ്ഞു. ആ സർക്കിൾ ഇൻസ്പെക്ടറെ ഞങ്ങൾ സസ്പെന്റ് ചെയ്തു. പക്ഷേ കോടതി ജാമ്യം കൊടുത്തു. അത് പോലീസിന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല. അത് കോടതി തീരുമാനിക്കേണ്ട കാര്യമാണ്. ഇതുപോലുള്ള ഒരു കാര്യത്തിൽ എന്ത് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് കോടതിയാണ് തീരുമാനമെടുക്കേണ്ടത്. മൂന്നാമത്തെ പ്രധാനപ്പെട്ട കാര്യം, ഒരു പെൺകുട്ടിയുടെ കാര്യത്തെക്കുറിച്ച് ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ നേരത്തെ സൂചിപ്പിച്ചു. അക്കാര്യത്തിൽ പോലീസുകാർക്കെതിരെ നടപടി എടുക്കുകയും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അതൊരു മെസ്സേജാണ് പ്രശ്നം. സസ്പെന്റ് ചെയ്താൽ തല്ലിയ വേദനയുണ്ടോ എന്നുവേണമെങ്കിൽ ചോദിക്കാം. അതല്ല. പക്ഷേ ഒരു മെസേജാണ്. ഗവൺമെന്റ് ഈ വിഷയത്തെ എങ്ങനെ കാണും. ഗവൺമെന്റ് ഈ കാര്യത്തെ വളരെ ശക്തമായ രൂപത്തിൽ കാണും. ഇതിനോടൊരു വിട്ടുവീഴ്ചയും ഇല്ലാത്ത സമീപനം ഗവൺമെന്റ് എടുക്കും. ഇവിടെ പത്ത് പതിനാല് കേസുകളാണ് ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നത്. കേരള ജനസമൂഹത്തിന് ഒരുമിച്ച് നിൽക്കാൻ കഴിയുന്ന രൂപത്തിൽ നമുക്കൊരു സമീപനം എടുക്കണം. ഈ കാര്യത്തിൽ രാഷ്ട്രീയം കാണരുത് എന്നുള്ള

താണ് എന്റെ അഭിപ്രായം. അപ്പുറത്തുള്ള ആളുകൾ അവരുടേതായ രൂപത്തിലും ഇപ്പുറത്തുള്ള ആളുകൾ വ്യത്യസ്തമായ രൂപത്തിലും എന്നൊക്കെ പറഞ്ഞാൽ ഇതിൽ രക്ഷപ്പെടുന്നത് ആരാണ്? നമ്മൾ ഇതിൽ പരസ്പരം രാഷ്ട്രീയം കണ്ടാൽ ഇതിൽ രക്ഷപ്പെടാൻ പോകുന്നത് ആന്റി സോഷ്യൽ ഇവന്റ്സാണ്. അവർക്ക് എന്തെങ്കിലും അജണ്ടയുണ്ടോ? ആ ഹിഡൻ അജണ്ടയ്ക്കകത്ത് രാഷ്ട്രീയകക്ഷികളെക്കൊണ്ട് മുട്ടിക്കുതിനു വേണ്ടിയിട്ടാണ് അവർ ഈ നടപടിയെടുക്കുന്നതെന്ന് ബോദ്ധ്യപ്പെടാനുള്ള ഒരു മാനസിക വളർച്ച നമുക്കുണ്ടാകണം എന്നുതന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ട് നമുക്ക് ഇതിനോട് ഒരു വിട്ടുവീഴ്ചയുമില്ലാത്ത സമീപനം എടുക്കുകയാണ് വേണ്ടത്. ഈ ചർച്ച വന്നത് നന്നായി എന്നു തന്നെയാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഗവൺമെന്റ് ഒരു കാര്യം എടുക്കുന്നു,  സദാചാര പോലീസ് എന്നൊക്കെ പറഞ്ഞ് കാണിക്കുന്ന ഈ ഗുണ്ടായിസത്തെ അർഹിക്കുന്ന രൂപത്തിലുള്ള നിയമനടപടികളെടുത്ത് അതിനെ ഒതുക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടുപോകുന്നതാണ്. അതിൽ എനിക്ക് ഒരു കാര്യം മാത്രമേ പ്രത്യേകിച്ച് പ്രതിപക്ഷ സഹോദരന്മാരോട് പറയാനുള്ളു. ഗവൺമെന്റ് നടപടി എടുത്തു കഴിയുമ്പോൾ വ്യത്യസ്തമായ രൂപത്തിൽ ഇതിനു വേറെ ചില വിശദീകരണം കൊടുത്ത് ഇത് ലാ ആന്റ് ഓർഡർ പ്രോബ്ലമാണെന്ന് വരുത്തുന്ന രൂപത്തിലേയ്ക്ക് നമ്മൾ പോകരുത്. അതുകൊണ്ട് ഈ ഹൗസിലുണ്ടായ ചർച്ചയുടെ പൊതുവികാരം, അങ്ങയും ഇതിനോട് പൂർണ്ണമായും യോജിക്കും

എന്നുതന്നെയാണ് എന്റെ വിശ്വാസം. ആ പൊതുവികാരം നമ്മുടെ ഒരു സാമൂഹ്യ ഫാബ്രിക്, അതിനെ പൊളിക്കാൻ നമ്മൾ സമ്മതിക്കരുത്. നമ്മുടെ സമൂഹത്തിലുള്ള ജനാധിപത്യപരമായ അവകാശം, അതിനെ നമുക്ക് എതിർക്കാൻ കഴിയില്ല ഇന്ത്യൻ ഭരണഘടന കൊടുക്കുന്ന അധി കാരവും അവകാശവുമുണ്ട്. ചില ആളുകൾ, അവർ ഗുണ്ടകളുടെ സംഘ മായിനിന്നുകൊണ്ട് ആ അധികാരാവകാശങ്ങളെ ചോദ്യം ചെയ്യാൻ നമ്മൾ സമ്മതിക്കരുത്. നേരത്തെ ഇവിടെ ചെങ്ങന്നൂരിലെ കേസിനെക്കുറിച്ച് പറ ഞ്ഞു. ഞാൻ ഒരു കാര്യം പറയാം, അവിടെ കൊലപ്പെടുത്തിയ കുറേയാളുകളെ കണ്ടെത്തിയിട്ടുണ്ട്. മറ്റുള്ള ആളുകളെകൂടി കണ്ടെത്താൻ ശ്രമിച്ചുക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ പ്രഭവസ്ഥാനം എവിടെയാ ണെന്ന് കണ്ടെത്തുന്നതിനുവേണ്ടിയുള്ള നടപടികളിലാണ് ഗവൺമെന്റ് നിൽക്കുന്നതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കൊല്ലുന്നത് മാത്രമല്ല, കൊല്ലുന്നവർ അവരുടെ ഒരു ഉപകരണം മാത്രമാണ്. അതിന്റെ പിന്നി ലുള്ള ശക്തിയാണ് ഇതിലെ പ്രധാനപ്പെട്ട ബുദ്ധികേന്ദ്രം. അത് കണ്ടെ ത്താൻ നമുക്ക് കഴിഞ്ഞു എങ്കിൽമാത്രമേ ഇതിന്റെ പ്രഭവസ്ഥാനത്ത് നമുക്ക് ആഘാതമേൽപ്പിക്കാൻ കഴിയുകയുള്ളു. അങ്ങനെ കഴിഞ്ഞെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് അവസാനമുണ്ടുകയുള്ളു. അതുകൊണ്ട് സഭ യുടെ പൊതുവികാരത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിച്ചുകൊണ്ട് ഗവൺമെന്റിന്റെ നടപടികളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : 60 മിനിട്ടാണ് ചട്ടം 58 അനുസരിച്ചുള്ള ഈ ചർച്ചയ്ക്ക് വേണ്ടി നീക്കിവച്ചിരുന്നത്. ഈ നടപടയിലേയ്ക്ക് കടക്കുമ്പോൾ ഏഴ് മിനിട്ട് വൈകി. ആ ഏഴ് മിനിട്ടും ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ സഹകരിച്ചതുകൊണ്ട് കൃത്യമായി പന്ത്രണ്ടരയ്ക്കുതന്നെ സഭ നിറുത്തിവയ്ക്കാൻ കഴിയുന്നു. അതുകൊണ്ട് എല്ലാവരോടും ചെയറിന് കൃതാർത്ഥതയുണ്ട്.

സഭ ഇപ്പോൾ പിരിയുന്നതും 2012 ജൂലൈ മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 23-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 12-30-ന് പിരിഞ്ഞു.)

@@@@@@@@@@@